# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




**മേയ് 2022**

## സ്വർഗ്ഗാരോഹണ തിരുനാൾ മംഗളങ്ങൾ

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി
സ്ഥാനാരോഹിതനായ
**മാർ ജോസഫ് പാംപ്ലാനി പിതാവിന്**
കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ





പാലക്കാട്ട് രൂപതയുടെ മെത്രാനായി
സ്ഥാനാരോഹിതനായ
**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്**
കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVI No. 5 മേയ് 2022

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVI No. 5 മേയ് 2022



| | | |
|---|---|---|
| കച്ചേരിക്കാര്യം | - | 2 |
| വിജ്ഞാപനം | - | 3 |
| അനുസ്മരണം | - | 4 |
| വർക്ക് ക്യാമ്പ് റിപ്പോർട്ട് | - | 8 |
| ആരാധനക്രമാദ്ധ്യാത്മികത | - | 11 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 21 |
| അജപാലനോത്തേജനവിഭാഗം | - | 22 |
| റെയിൻബോ | - | 26 |
| വിശ്വാസജീവിതപരിശീലനരംഗം | - | 28 |
| ചെറുപുഷ്പ മിഷൻലീഗ് | - | 32 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 36 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 37 |
| കുടുംബപ്രേഷിതത്വം | - | 40 |
| മാതൃവേദി | - | 42 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 43 |
| മേരി മാതാ മൈനർ സെമിനാരി | - | 45 |
| വൊക്കേഷൻ ബ്യൂറോ | - | 46 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 47 |
| സന്യസ്തർ | - | 51 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 59 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 60 |
| ഡി.സി.എം.എസ്. | - | 62 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 64 |
| വിൻസെൻഷ്യൻ വേദി | - | 65 |
| വിമല പബ്ലിക്കേഷൻസ് | - | 67 |
| Special Care Homes & Charitable institution | - | 68 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 69 |
| ഇൻഫാം | - | 70 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 71 |
| രൂപതാവാർത്തകൾ | - | 75 |
| Bishop's Engagements | - | 80 |

# കച്ചേരിക്കാര്യം

**1. സ്വർഗ്ഗാരോഹണ തിരുനാൾ - മേയ് 26**

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ സ്വർഗ്ഗാരോഹണതിരുനാൾ മേയ് 26-ാം തീയതി സമുചിതമായി ആഘോഷിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**2. രൂപതാദിനം 2022 മേയ് 12**

നമ്മുടെ രൂപത സ്ഥാപിതമായിട്ട് 2022 മേയ് 12-ാം തീയതി 45 വർഷങ്ങൾ പൂർത്തിയാകുകയാണ്. രൂപതാദിനം ഇടവകകളിൽ സമുചിതമായി ആഘോഷിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**3. സന്യാസിനീ-സന്യാസാർത്ഥികൾക്കുള്ള NOC ലഭിക്കുവാൻ**

രൂപതയ്ക്ക് പുറത്തുള്ള സന്യാസിനി സന്യാസ സമൂഹങ്ങളിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപതാകച്ചേരിയിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) വാങ്ങിയിരിക്കണം. ഈ സർട്ടിഫിക്കറ്റ് വാങ്ങുവാൻ വരുമ്പോൾ താഴെപ്പറയുന്ന രേഖകൾ കൊണ്ടുവരേണ്ടതാണ്. **ബഹു. വികാരിയച്ചന്റെ ശുപാർശക്കത്ത്, ചേരുവാൻ ഉദ്ദേശിക്കുന്ന സന്ന്യാസസമൂഹത്തിന്റെ അനുമതിപത്രം, മാമ്മോദീസാ-സ്ഥൈര്യലേപന സർട്ടിഫിക്കറ്റുകൾ**. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**Mar Jose Pulickal**
Bishop of Kanjirapally
Pastoral Centre, P.B. NO. 22,
Kanjirapally – 686 507. Kottayam Dt. Kerala, India
Tel: +91 4828 203956, Fax: +91 4828 206022, 204491
Email: josepulickal1964@gmail.com
web: www.kanjirapallydiocese.com

കല്പന നമ്പർ 295/22

# വിജ്ഞാപനം

കാഞ്ഞിരപ്പള്ളി രൂപതയുടെ 8-ാം വൈദിക സമിതിയുടെ (Presbyteral Council) കാലാവധി പൂർത്തിയാകുന്നതിനാൽ പുതിയ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇതിനാൽ പ്രസിദ്ധികരിക്കുന്നു. പെരിയ ബഹുമാനപ്പെട്ട പൂവത്താനിക്കുന്നേൽ തോമസച്ചൻ കൺവീനറും, ബഹുമാനപ്പെട്ട വെള്ളിയാംകുളം മാർട്ടിൻ അച്ചൻ, ബഹുമാനപ്പെട്ട പുള്ളോലിക്കൽ സ്റ്റാൻലി അച്ചൻ എന്നിവർ അംഗങ്ങളായുമുള്ള തിരഞ്ഞെടുപ്പു കമ്മീഷനെ ഇതിനാൽ നിയമിക്കുന്നു. വൈദിക സിമിതിയുടെ നിയമാവലി, രൂപതാ കച്ചേരിയിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ ഇവ പാലിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നടത്തി 2022 ജൂൺ 15-ാം തീയതിക്കകം ലിസ്റ്റ് രൂപതാകച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

കാഞ്ഞിരപ്പള്ളി രൂപതാകച്ചേരിയിൽ നിന്നും 2022 ഏപ്രിൽ 26-ാം തീയതി നൽകിയത്.

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

ഫാ. കുര്യൻ താമരശ്ശേരി
ചാൻസലർ

പകർപ്പ്:- ഇലക്ഷൻ കമ്മീഷൻ കൺവീനർക്കും, അംഗങ്ങൾക്കും

# റവ. ഫാ. എബ്രാഹം പറമ്പിൽ
## അനുസ്മരണം



കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവക പറമ്പിൽ കെ.എം. ഇട്ടിയവിരായുടെയും അന്നമ്മയുടെയും 14 മക്കളിൽ അഞ്ചാമനായി ബഹുമാനപ്പെട്ട എബ്രാഹം അച്ചൻ 1947 മെയ് 15 ന് ഭൂജാതനായി. കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി കോളേജിലുമായിരുന്നു വിദ്യാഭ്യാസം. ചങ്ങനാശ്ശേരി പാറേൽ സെമിനാരിയിലും ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി. 1974 ഡിസംബർ 30 ന് പൗരോഹിത്യം സ്വീകരിച്ചു.

1977-ൽ കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമാകുമ്പോൾ ബഹു. എബ്രാഹം പറമ്പിലച്ചൻ നെടുങ്കുന്നം പള്ളിയിൽ അസിസ്റ്റന്റ് വികാരിയാണ്. പുതിയ രൂപതയുടെ ആദ്യഇടയനായി അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവ് കാഞ്ഞിരപ്പള്ളിയിൽ എത്തിയപ്പോൾ തന്റെ സെക്രട്ടറിയായി നിശ്ചയിച്ചത് പറമ്പിലച്ചനെയാണ്. അന്നുമുതൽ കാഞ്ഞിരപ്പള്ളി രൂപതയെ നെഞ്ചോടു ചേർത്തുവച്ച വൈദി

കശ്രേഷ്ഠനാണ് വിടവാങ്ങുന്നത്.

നാട്ടിലായിരുന്നപ്പോഴും ഉപരിപഠനത്തിന് റോമിലായിരുന്നപ്പോഴും പറമ്പിലച്ചൻ കാഞ്ഞിരപ്പള്ളി രൂപതയെക്കുറിച്ച് ചിന്തിച്ചു. രൂപതയുടെ ആദ്യനാളുകളിലെ സമഗ്രവികസനത്തിനു പിന്നിൽ ബഹു. അച്ചന്റെ ശ്രദ്ധയും ബുദ്ധിയും ത്യാഗവുമുണ്ടായിരുന്നു. അജപാലന രംഗത്തും ആരാധനക്രമപരിശീലനത്തിനും സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കും അച്ചന് നൂതനമായ കാഴ്ചപ്പാടും പദ്ധതികളുമുണ്ടായിരുന്നു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരാധനക്രമ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി തിരികെയെത്തിയ പറമ്പിലച്ചൻ രൂപത ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായും "ദുക്റാന" ആരാധനക്രമ ദൈവശാസ്ത്ര മാസികയുടെ മാനേജിംഗ് എഡിറ്ററായും ശുശ്രൂഷ നിർവ്വഹിച്ചു.

ആറുവർഷത്തോളം ചിന്നാർ ഇടവകയിൽ അജപാലനശുശ്രൂഷ ചെയ്ത അച്ചൻ DARE എന്ന ലഹരിവിമുക്തകേന്ദ്രത്തിന് തുടക്കം കുറിച്ചു. പീരുമേട് വികാരിയായും DARE ഡയറക്ടറെന്ന നിലയിലും ഒൻപതു വർഷക്കാലമായിരുന്നു പീരുമേട്ടിലെ അദ്ദേഹത്തിന്റെ അജപാലനശുശ്രൂഷ. പത്തനംതിട്ട, മൈലപ്ര ഇടവകകളിൽ മൂന്നു വർഷത്തോളം അദ്ദേഹം വികാരിയായി ശുശ്രൂഷ ചെയ്തു.

അവസാനം അജപാലനശുശ്രൂഷ നിർവഹിച്ച വെളിച്ചിയാനി ഇടവകയിൽ മനോഹരമായ പള്ളിയും പള്ളിമുറിയും പണികഴിപ്പിക്കാൻ അച്ചൻ നേതൃത്വം നല്കി. അതോടൊപ്പംതന്നെ വെളിച്ചിയാനി ഇടവകയുടെ കുരിശുപള്ളിയായിരുന്ന മാങ്ങാപ്പാറ, ഇടവക പള്ളിയാകുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അച്ചൻ അത്യധ്വാനം ചെയ്തിട്ടുണ്ട്. അച്ചനെ കുറിച്ചുള്ള ദീപ്തസ്മരണകൾ അച്ചൻ ശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലെയും ദൈവജനത്തിന്റെ മനസ്സിലുണ്ട്.

മേരി മാതാ മൈനർ സെമിനാരി അധ്യാപകൻ എന്ന നിലയിലും സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച അച്ചൻ വിയാനി ഹോമിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ പരിചരണത്തിലായിരുന്നു.

ആശയങ്ങളുടെ അക്ഷയഖനിയായിരുന്നു അച്ചന്റെ മനസ്സ്. ഫലിതസമൃദ്ധമായ സംഭാഷണത്തിനു പിന്നിൽ അനതിസാധാരണമായ ബുദ്ധിവൈഭവം പ്രകടമായിരുന്നു. ലളിതസുന്ദരമായി ആശയവിനിമയം ചെയ്യുന്നതിൽ പ്രത്യേകമായൊരു പാടവം അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു.

യൗവനകാലം മുതൽ അദ്ദേഹത്തോടൊപ്പം ചേർന്ന വിവിധ ആരോഗ്യപ്രശ്നങ്ങൾ അന്ത്യംവരെ കൂടെയുണ്ടായിരുന്നു. കുരിശിന്റെ വഴിയെ ഗമിക്കുമ്പോഴും പരാതികളോ നിഷേധാത്മക ചിന്തകളോ നിഷ്ക്രിയത്വമോ അദ്ദേഹത്തെ ബാധിച്ചില്ല. കണ്ണുകളുടെ വെളിച്ചവും കൈകാലുകളുടെ ബലവും ദൈവം തിരിച്ചുചോദിച്ചപ്പോഴും അദ്ദേഹത്തിന് പരിഭവമുണ്ടായില്ല. സഹനത്താൽ ശുദ്ധി ചെയ്യപ്പെട്ട ആ ജീവിതാർച്ചന 2022 ഏപ്രിൽ 23-ാം തീയതി ദൈവം സ്വീകരിച്ചു. ഏപ്രിൽ 25-ാം തീയതി കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു. ജീവിതത്തിന്റെ പൂർണ്ണതയായ മരണത്തിന്റെ മറയിലൂടെ അദ്ദേഹം നിത്യതയിലേക്കു നടന്നു. പ്രശാന്തസുന്ദരമായ ആ മുഖം ഇനി സ്വർഗ്ഗത്തിൽ പ്രകാശിക്കും. പ്രിയപ്പെട്ട പറമ്പിലച്ചന് സ്നേഹാദരങ്ങളോടെ അന്ത്യാഭിവാദനങ്ങൾ.

PWA അംഗങ്ങൾ ബഹുമാനപ്പെട്ട എബ്രാഹം പറമ്പിൽ അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

# മേജർ സെമിനാരി വൈദികാർത്ഥികളുടെ വർക്ക് ക്യാമ്പ് റിപ്പോർട്ട് – 2022

കാഞ്ഞിരപ്പള്ളി രൂപതയിലെ മേജർ സെമിനാരിക്കാരുടെ ഈ വർഷത്തെ വർക്ക് ക്യാമ്പ് 2022 മാർച്ച് 27 മുതൽ ഏപ്രിൽ 2 വരെ നടത്തപ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റിന്റെയും പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെയും നേതൃത്വത്തിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ കേന്ദ്രീകരിച്ചാണ് ക്യാമ്പ് നടത്തപ്പെട്ടത്. വർക്ക് ക്യാമ്പിന് മുന്നോടിയായി മാർച്ച് 19-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചന്റെ നേതൃത്വത്തിൽ ബഹു. ഫിലിപ്പ് വട്ടയത്തിൽ അച്ചനും ബഹു. മാർട്ടിൻ വെള്ളിയാംകുളം അച്ചനും വർക്ക് ക്യാമ്പ് ലീഡേഴ്സും ഈ വർഷത്തെ വർക്ക് ക്യാമ്പിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. കഴിഞ്ഞ രണ്ടു വർഷങ്ങളായി കോവിഡ് കെയർ സെന്റർ ആയി പ്രവർത്തിച്ചിരുന്ന നിർമ്മല റിന്യൂവൽ സെന്റർ നവീകരിക്കുക, കെട്ടിടം പെയിന്റ് ചെയ്യുന്നതിന് മുന്നോടിയായി പ്രാരംഭജോലികൾ ചെയ്യുക എന്നിവയായിരുന്നു വർക്ക് ക്യാമ്പിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പ്രാർത്ഥന, ജോലി, അജപാലന പ്രവർത്തനം എന്നിവയുടെ സമ്മിശ്രണമായിരുന്നു ഈ വർഷത്തെ വർക്ക് ക്യാമ്പ്.

മാർച്ച് 27 ഞായർ : മേജർ സെമിനാരി വിദ്യാർത്ഥികൾ ഉച്ചകഴിഞ്ഞ് 3 മണിയോടുകൂടി നിർമ്മല റിന്യൂവൽ സെന്ററിൽ എത്തിച്ചേർന്നു. ആറുമണിക്ക് റംശാ പ്രാർത്ഥനയോടുകൂടി ഈ വർഷത്തെ വർക്ക് ക്യാമ്പ് ആരംഭിച്ചു. പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചൻ വർക്ക് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബഹു. ഫിലിപ്പ് വട്ടയത്തിൽ അച്ചനും ബഹു. ബിബിൻ പുളിക്കക്കുന്നേൽ അച്ചനും ഈ വർഷത്തെ വർക്ക് ക്യാമ്പിനെ കുറിച്ച് സംസാരിക്കുകയും നിർമ്മല റിന്യൂവൽ സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

മാർച്ച് 28 തിങ്കൾ : രൂപതാചാൻസലർ പെരിയ ബഹുമാന

പ്പെട്ട കുര്യൻ താമരശ്ശേരി അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചവരെ ബ്രദേഴ്സ് വിവിധ ജോലികൾ ചെയ്തു. ഉച്ചകഴിഞ്ഞ് പൊടിമറ്റം ഇടവകയിലെ കൂട്ടായ്മ സന്ദർശനത്തിന് മുന്നോടിയായി പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചൻ നവീകരിച്ച കുർബാനക്രമത്തെക്കുറിച്ചും ക്ലാസ് എടുക്കേണ്ട രീതിയെക്കുറിച്ചും സംസാരിച്ചു. ആദ്യദിനം ഇടവകയിലെ 15 കൂട്ടായ്മകൾ ബ്രദേഴ്സ് സന്ദർശിക്കുകയും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും നവീകരിച്ച കുർബാന ക്രമത്തെക്കുറിച്ച് ക്ലാസുകൾ എടുക്കുകയും ചെയ്തു.

മാർച്ച് 29 ചൊവ്വ : പ്രഭാതത്തിൽ രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ബോബി മണ്ണംപ്ലാക്കൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചവരെയുള്ള ജോലികൾക്ക് ശേഷം 16 കൂട്ടായ്മകളിൽ ബ്രദേഴ്സ് സന്ദർശനം നടത്തുകയും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും നവീകരിച്ച കുർബാന ക്രമത്തെക്കുറിച്ചുള്ള ക്ലാസ് നൽകുകയും ചെയ്തു. കൂട്ടായ്മ സന്ദർശനത്തിന് ക്രമീകരണങ്ങൾ നടത്തിയ ബഹു. മാർട്ടിൻ വെള്ളിയാംകുളം അച്ചനേയും ബഹു.  സിബി കുരിശുംമൂട്ടിൽ അച്ചനേയും നന്ദിയോടെ ഓർക്കുന്നു.

മാർച്ച് 30 ബുധൻ: പ്രഭാതപ്രാർത്ഥനകൾക്ക് ശേഷം രാവിലെ മുതൽ ഉച്ചവരെയും ഉച്ചഭക്ഷണത്തിനും വിശ്രമത്തിനും ശേഷം ഉച്ചകഴിഞ്ഞും ബ്രദേഴ്സ് വിവിധ ജോലികൾ ചെയ്തു.

വൈകുന്നേരം 6.45 ന് രൂപത പ്രൊക്യുറേറ്റർ എത്രയും ബഹുമാനപ്പെട്ട ഫിലിപ്പ് തടത്തിൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

മാർച്ച് 31 വ്യാഴം : പ്രഭാതപ്രാർത്ഥനകൾക്ക് ശേഷം ജോലികൾ ആരംഭിച്ചു. ഈ വർഷം റീജൻസി ചെയ്യുന്ന ബ്രദേഴ്സ് വർക്ക് ക്യാമ്പ് സന്ദർശിക്കുകയും മറ്റുള്ളവരോടൊപ്പം ജോലി ചെയ്യുകയുമുണ്ടായി. ഉച്ചകഴിഞ്ഞ് പാറത്തോട് മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി സന്ദർശിക്കുകയും അവിടുത്തെ പ്രവർത്തനങ്ങളെക്കു

റിച്ച് മനസ്സിലാക്കുകയും ചെയ്തു. വൈകുന്നേരം 6.45 ന് പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. അത്താഴത്തിനു ശേഷം ബ്രദേഴ്സ് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ഏപ്രിൽ 1 വെള്ളി : പ്രഭാത പ്രാർത്ഥനകൾക്കു ശേഷം ജോലികൾ ആരംഭിച്ചു. ഈ വർഷം മേജർ സെമിനാരിയിലേക്ക് ഫിലോസഫി പഠനത്തിനായി എത്തുന്ന ബ്രദേഴ്സ് മൈനർ സെമിനാരി റെക്ടർ എത്രയും ബഹുമാനപ്പെട്ട ജോൺ പനച്ചിക്കൽ അച്ചനോടും തോമസ് നരിപ്പാറ അച്ചനോടും ഒപ്പം വർക്ക് ക്യാമ്പ് സന്ദർശിക്കുകയും ജോലികളുടെ ഭാഗമാവുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് വർക്ക് ക്യാമ്പ് സന്ദർശിച്ചു. വൈകുന്നേരം പൊടിമറ്റം ഇടവകപ്പള്ളിയിൽ കുരിശിന്റെ വഴിയിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പണത്തിൽ പങ്കുചേരുകയും ചെയ്തു.

ഏപ്രിൽ 2 ശനി : രാവിലെ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ബ്രദർ തോമസുകുട്ടി കുറ്റിക്കാടിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചവരെ ബ്രദേഴ്സ് ജോലികൾ ചെയ്യുകയും ഉച്ചഭക്ഷണത്തിനുശേഷം രണ്ടുമണിയോടുകൂടി തിരികെ ഭവനങ്ങളിലേക്ക് പോവുകയും ചെയ്തു.

ഈ വർക്ക് ക്യാമ്പ് വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചനും ഫിലിപ്പ് വട്ടയത്തിൽ അച്ചനും മാർട്ടിൻ വെള്ളിയാംകുളം അച്ചനും സിബി കുരിശുംമൂട്ടിൽ അച്ചനും വർക്ക് ക്യാമ്പിന് ഇടയിൽ ഞങ്ങളെ സന്ദർശിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്ത എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും നിർമ്മല റിന്യൂവൽ സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും കാഞ്ഞിരപ്പള്ളി രൂപത ബ്രദേഴ്സിന്റെ സ്നേഹം നിറഞ്ഞ നന്ദി.

**ബ്രദർ തോമസ് കണ്ടത്തിൽ, റ്റിബിൻ ചേനപ്പുരയ്ക്കൽ**
**വർക്ക് ക്യാമ്പ് ലീഡേഴ്സ്**



# ആരാധനക്രമാദ്ധ്യാത്മികത

## ഏഴുനേര യാമശുശ്രൂഷകൾ:
## സഭയുടെ വിശ്വാസ പരിശീലന കളരി

പരിശുദ്ധ സഭ നിർവചനങ്ങൾക്കതീതയായ ദൈവിക രഹസ്യമാണ്. അവളെക്കുറിച്ച് ഭാഗികമായെങ്കിലും വിവരിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞരും നിരവധി സംജ്ഞകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും സഭയ്ക്ക് നൽകാൻ കഴിയുന്ന ഏറ്റവും ഹൃദയസ്പർശിയായ വിശേഷണം "അമ്മ" എന്നതാണ്. 'മാമോദീസാതൊട്ടി'യാകുന്ന തന്റെ ഗർഭപാത്രത്തിൽ ഓരോ ദിവസവും മിശിഹായ്ക്കായി അനേകരെ ജനിപ്പിക്കുന്ന ആ അമ്മയുടെ ആർദ്രതയും കരുതലും അനുഭവിച്ചറിയുന്നവരാണ് അവളുടെ മക്കളായ നാമെല്ലാവരും. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സുറിയാനി ഭാഷയിൽ ഏതോ ഒരു അജ്ഞാത താപസനാൽ എഴുതപ്പെട്ട 'ക്സാവാ ദ്മസ്ക്കാസാ' (ശ്രേണികളുടെ ഗ്രന്ഥം / Book of Steps) എന്ന പുസ്തകം ഭൂമിയിൽ സഭ നിർവ്വഹിക്കുന്ന ശ്രേഷ്ഠമായ ശുശ്രൂഷയുടെ പശ്ചാത്തലത്തിൽ അവളുടെ മാതൃത്വത്തെ അതിമനോഹരമായി വർണ്ണിക്കുന്നുണ്ട്. മാമോദീസായിലൂടെ അനേകർക്ക് നവജന്മം നൽകി, കൂദാശകളിലൂടെ അവരെ പാലൂട്ടി വളർത്തി, തന്റെ മക്കൾക്ക് അവരുടെ പ്രായത്തിനനുസരിച്ചുള്ള പരിശീലനം നൽകുന്ന സ്നേഹനിധിയായ അമ്മയായും ഒപ്പം കർക്കശയായ പരിശീലകയുമായാണ് 'ശ്രേണികളുടെ ഗ്രന്ഥ'ത്തിൽ സഭ പ്രത്യക്ഷപ്പെടുക. ഭൂമിയിൽ സഭ നിർവ്വഹിക്കുന്ന ഈ സവിശേഷ ദൗത്യത്തെ "തെശ്മശ്ത്താ" (ശു

ശ്രൂഷ) എന്നാണ് അജ്ഞാത ഗ്രന്ഥകാരൻ വിശേഷിപ്പിക്കുക. സഭയുടെ പരിശുദ്ധ മദ്ബഹായിൽ അർപ്പിക്കപ്പെടുന്ന ഔദ്യോഗിക ആരാധന (ലിറ്റർജി) യും 'തെശ്മശ്ത്താ' എന്നാണല്ലോ അറിയപ്പെടുക. ചുരുക്കത്തിൽ ഭൂമിയിൽ സഭ നിർവഹിക്കുന്ന 'ശുശ്രൂഷ' അവളുടെ മക്കളെ പരിശുദ്ധ മദ്ബഹായ്ക്കു മുമ്പിൽ നിതാന്ത ജാഗ്രതയോടെ 'ഈറേ'മാരെപ്പോലെ ആലാഹാ (ദൈവം) യ്ക്കു ശുശ്രൂഷ ചെയ്യുവാൻ അതായത് അവിടത്തെ ആരാധിക്കാൻ പഠിപ്പിക്കുക എന്നതാണ്. ഈ പരിശീലനത്തിനായി സഭ ഉപയോഗിക്കുന്ന പരമപ്രധാനമായ കളരിയാണ് അവളുടെ യാമശുശ്രൂഷാവേളകൾ.

തങ്ങളുടെ ജീവിതകാലം മുഴുവൻ പ്രാർഥനയിൽ മുഴുകി മിശിഹാമയരായിത്തീർന്ന നിരവധി ദയ്റായക്കാരുടെ അനേക വർഷത്തെ പരിശ്രമഫലമായി ക്രമീകരിക്കപ്പെട്ട യാമപ്രാർഥനകൾ ഓരോ സഭയുടെയും ആധ്യാത്മിക ജീവിതത്തിന്റെ അമൂല്യനിക്ഷേപങ്ങളാണ്. വിശുദ്ധ ലിഖിതഭാഗങ്ങളും, നിരവധി പ്രാർഥനകളും ഗീതങ്ങളും കോർത്തിണക്കി അതിമനോഹരമായാണ് അവ ചിട്ടപ്പെടുത്തപ്പെട്ടിരിക്കുന്നത്. പഴയ നിയമ ജനതയുടെ പ്രാർഥനയായി രൂപപ്പെട്ട 'സങ്കീർത്തനങ്ങ'ൾ സഭയുടെ പാട്ടുപുസ്തകമായി യാമപ്രാർഥനകളിൽ കേന്ദ്രസ്ഥാനം അലങ്കരിക്കുന്നു. ഒപ്പം ആദിമസഭയുടെ മല്പ്പാന്മാരായ സഭാപിതാക്കന്മാരുടെ ദർശനങ്ങളാൽ സമ്പന്നമാണ് യാമശുശ്രൂഷകളിലെ പ്രാർഥനകളും ഗീതങ്ങളും. അതുകൊണ്ടുതന്നെ ഈ ശുശ്രൂഷകളിൽ പങ്കുചേരുന്ന തന്റെ മക്കളെ തന്നിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ദൈവവചനത്തിന്റെ കലവറകളായ വിശുദ്ധ ഗ്രന്ഥത്തോടും വിശുദ്ധ പാരമ്പര്യങ്ങളോടും ചേർത്തുനിറുത്തുവാൻ സഭാമാതാവിന് സാധിക്കുന്നു.

**A. യാമപ്രാർഥനകൾ: സഭയുടെ ഔദ്യോഗിക പ്രാർത്ഥന**

'സ്തുതിപ്പിന്റെ ബലി', 'ദൈവസ്തുതികൾ', 'ദൈവികശുശ്രൂഷ', 'ദിവ്യമായ കടമ', 'കാനോനമസ്ക്കാരം' തുടങ്ങിയ പേരുകളിലൊക്കെ അറിയപ്പെടുന്ന യാമപ്രാർഥനകൾ സഭയുടെ ഔദ്യോഗിക

പ്രാർഥനയാണ്. മണവാളനായ മിശിഹായെ അഭിസംബോധന ചെയ്യുന്ന മണവാട്ടിയായ സഭയുടെ മധുരശബ്ദമാണത്. മിശിഹായ്ക്ക് തന്റെ മണവാട്ടിയോടുള്ള ആഴമായ മൗതികബന്ധം അവളെ അവന്റെ ശരീരമാക്കി തീർക്കുന്നു. അവളുടെ ശബ്ദം അവന്റെ ശബ്ദമായി ത്തീരുന്നു. അതുകൊണ്ട് സഭ പ്രാർഥിക്കുമ്പോൾ തന്റെ പ്രിയപുത്ര നായ മിശിഹായുടെ സ്വരമാണ് പിതാവായ ദൈവത്തിന്റെ സന്നിധി യിലെത്തുക. മിശിഹായോടൊത്തു ചേർന്ന് പ്രാർഥിക്കുന്ന സഭയ്ക്ക് സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള അകലം മറികടന്ന് പിതാവിന്റെ മടിയിലിരിക്കുന്ന വചനത്തോടൊന്നായി ദൈവസ്തുതികളുതിർക്കു വാൻ കഴിയുന്നു. അതുകൊണ്ടുതന്നെ യാമശുശ്രൂഷകൾ വ്യക്തി യുടെ സ്വകാര്യപ്രാർഥനയായല്ല മറിച്ച് 'ദീപ', 'ധൂപ', 'സംഗീത' അക മ്പടികളോടെ ആഘോഷമായി സമൂഹപരമായാണ് നടത്തേണ്ടത്. പൗരസ്ത്യസഭകളുടെ സവിശേഷ പാരമ്പര്യത്തിൽ യാമപ്രാർഥന കൾ നടത്താനുള്ള കടപ്പാട് ഓരോ വ്യക്തിയ്ക്കുമല്ല മറിച്ച് സമൂഹ ത്തിനാണുള്ളത് (CCEO 199, 337, 473). ഏതെങ്കിലും സാഹചര്യത്തിൽ ഒരു വ്യക്തി ഒറ്റയ്ക്ക് ആ പ്രാർത്ഥനകൾ ഉരുവിടേണ്ടിവന്നാലും അത് മിശിഹാ തന്റെ മൗതികശരീരമായ സഭയോടു ചേർന്ന് പിതാവിനർപ്പി ക്കുന്ന ആരാധനയാണ്. യാമശുശ്രൂഷകൾ പൗരസ്ത്യർക്കൊരിക്കലും 'കാനോന' നമസ്ക്കാരമല്ല. നിയമം അനുശാസിക്കുന്നതുകൊണ്ടല്ല മറിച്ച് സഭയോടുള്ള അവരുടെ അഭേദ്യമായ ബന്ധത്തിന്റെ ഫലമായി യാമശുശ്രൂഷകൾ അവരുടെ ശ്വാസത്തിന്റെ ഭാഗമായിതീർന്നതുകൊ ണ്ടാണ് അവർ നിഷ്ഠയോടെ യാമശുശ്രൂഷകളിൽ പങ്കുചേരുന്നത്.

അമ്മയായ സഭയുടെ മടിയിൽ ഒന്നുചേർന്ന് വിശ്വാസസ മൂഹം മുഴുവൻ യാമശുശ്രൂഷകളിൽ പങ്കെടുത്തിരുന്ന ആദിമചൈ തന്യത്തിന് പില്ക്കാലത്ത് മങ്ങലേറ്റതായാണ് സഭയുടെ ചരിത്ര ത്തിൽ നാം കാണുക. മെത്രാന്മാരുടെയും ദയ്റാക്കാരുടെയും വൈദി കരുടെയും ഔദ്യോഗിക പ്രാർത്ഥനയായി ഇടക്കാലത്ത് യാമപ്രാർഥ നകൾ പരിമിതപ്പെട്ടു. എന്നാൽ ഇന്ന് ആ സ്ഥിതി മാറിവരുന്നുണ്ട്.

വിശ്വാസ സമൂഹം തങ്ങളുടെ മേല്പ്പട്ടക്കാരോടും വൈദികരോടും ചേർന്ന് സഭയുടെ യാമശുശ്രൂഷകളിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന മനോഹരകാഴ്ച ചിലയിടങ്ങളിലെങ്കിലും കാണാനാകും. പൗരസ്ത്യ സുറിയാനി ആരാധനാ പൈതൃകം സ്വന്തമാക്കിയിരിക്കുന്ന നമ്മുടെ സഭയിലും യാമപ്രാർഥനകൾ തങ്ങളുടെ ജീവിതത്തിന്റെ ആഘോഷമാണെന്ന തിരിച്ചറിവോടെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും യാമശുശ്രൂഷകളിൽ പങ്കുചേരാനായി സമയം കണ്ടെത്തുന്ന വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നുവെന്ന യാഥാർഥ്യം ശ്രദ്ധേയവും ആശാവഹവുമാണ്.

### B. യാമശുശ്രൂഷകളുടെ ഏഴുനേര ക്രമീകരണം

"നീതിമാനേ, നിന്റെ വിധിയെക്കുറിച്ച് ദിവസേന ഏഴുപ്രാവശ്യം ഞാൻ നിന്നെ മഹത്വപ്പെടുത്തും" (സങ്കീ. 118:164) എന്ന സങ്കീർത്തകന്റെ പ്രഘോഷണം നിരന്തര പ്രാർഥനയ്ക്കായുള്ള ആഹ്വാനമായാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുക. "ഏഴ്" വിശുദ്ധ ഗ്രന്ഥ പാരമ്പര്യത്തിൽ പൂർണ്ണതയാണ്. ഏഴു നേരമെന്ന് പറഞ്ഞാൽ എല്ലാ നേരവും എന്നർഥം. എന്നിരുന്നാലും സങ്കീർത്തക വചനങ്ങൾ അക്ഷരാർത്ഥത്തിൽ സ്വീകരിച്ച യഹൂദർ ദിവസത്തിൽ ഏഴുനേരം സവിശേഷരീതിയിൽ പ്രാർഥിച്ചിരുന്നതായി വിശുദ്ധഗ്രന്ഥംതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. യഹൂദർക്ക് അവരുടെ ആരാധനാദിവസം ആരംഭിച്ചിരുന്നത് സന്ധ്യയ്ക്കായിരുന്നു. സായാഹ്നത്തിലും പ്രഭാതത്തിലും തങ്ങളുടെ ദൈവാലയത്തിൽ ബലിയർപ്പിച്ചിരുന്ന (പുറ 29:38-41; സംഖ്യ 28:3-8) അവർ മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒൻപതാം മണിക്കൂറിലും (സങ്കീർ 55:17; ദാനി 6:17) സിനഗോഗുകളിൽ പ്രാർത്ഥിച്ചിരുന്നു. ഉറങ്ങാൻ പോകുന്നതിന് മുൻപും പാതിരാവിലും അവർ തങ്ങളുടെ ഭവനങ്ങളിൽ പ്രാർത്ഥിച്ചിരുന്നതായും (നിയ 6:7b; 11:19b; സങ്കീ 118:62) വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. മിശിഹായെ അനുഗമിച്ച യഹൂദരായിരുന്നല്ലോ ആദിമസഭയുടെ മക്കളിൽ അധികം പേരും. അതുകൊണ്ടുതന്നെ സഭയുടെ യാമശുശ്രൂഷകൾ ഏഴുനേര

പ്രാർഥനകളായി രൂപപ്പെട്ടത് തികച്ചും സ്വാഭാവികം മാത്രം. ശ്ലീഹന്മാരും മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒൻപതാം മണിക്കൂറിലും പ്രാർഥിച്ചിരുന്നതായി നടപടി പുസ്തകത്തിൽ നാം വായിക്കുന്നുണ്ട് (നട 2:15-16; 10:9; 3:1).

## C. ഏഴുനേര യാമശുശ്രൂഷകൾ പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ

പൗരസ്ത്യസുറിയാനി സഭയുടെ ഔദ്യോഗികമായ യാമപ്രാർഥനകളുടെ ഘടനയനുസരിച്ച് ഒരു ദിവസത്തിലെ 24 മണിക്കൂറുകളെ മൂന്നു മണിക്കൂറുകൾ വീതമുള്ള എട്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. രാത്രിയ്ക്ക് യാമങ്ങളും (WATCHES) പകലിന് മണിക്കൂറുകളു (HOURS) മാണുള്ളത്. ദിവസത്തെ എട്ടുഭാഗങ്ങളായി തിരിച്ചിരിക്കുന്നുവെങ്കിലും പരമ്പരാഗത രീതിയനുസരിച്ച് ഏഴുനേര പ്രാർഥനകളാണ് പൗരസ്ത്യസുറിയാനിക്കാർക്കുള്ളത്. ധന്യമായ ആ പാരമ്പര്യം കൈമുതലായുള്ള നമ്മുടെ സഭയിലും യാമശുശ്രൂഷകൾ ഏഴുനേര പ്രാർഥനകളാണ്. പൂർണമായ രൂപത്തിൽ അവ മലയാളത്തിലേയ്ക്ക് തർജമ ചെയ്യപ്പെട്ടിട്ടില്ലെങ്കിലും അതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഭാഗിക തർജമകൾ ഉപയോഗിച്ച് ഏഴുനേരവും സഭയോടൊത്ത് പ്രാർത്ഥിക്കുവാൻ തത്പരരായവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് കാണുന്നത് ഏറെ സന്തോഷകരമാണ്. നമ്മുടെ സഭയുടെ ഏഴുനേര പ്രാർഥനകൾ താഴെപ്പറയുന്നവയാണ്.

### 1) റംശാ

യഹൂദരെപ്പോലെ തന്നെ നമ്മുടെയും ആരാധനാ ദിവസം ആരംഭിക്കുക സന്ധ്യയോടെയാണ്. ഒന്നാം യാമത്തിൽ (6 pm - 9 pm) സായാഹ്ന നമസ്ക്കാരമായ റംശായോടെ സഭാസമൂഹം ദിവസത്തെ വരവേൽക്കുന്നു. 'റംശാ' എന്ന പദത്തിനർത്ഥം 'സായാഹ്നം' എന്നാണ്. ആരാധനാ ദിവസത്തിന്റെ ആരംഭത്തിൽ ദിവസത്തെ മുഴുവൻ കർത്താവിനു സമർപ്പിച്ചുകൊണ്ട്, 'പ്രശാന്തമായ സായംകാലവും,

ആശ്വാസപ്രദമായ രാത്രിയും, പ്രതീക്ഷാനിർഭരമായ പ്രഭാതവും, സത്പ്രവൃത്തികൾ നിറഞ്ഞ ദിവസവും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ'യെന്ന് വിശ്വാസീസമൂഹം പ്രാർത്ഥിക്കുന്നു. ഈശോയുടെ ഐഹിക ജീവിതത്തിൽ ഒന്നാം യാമത്തിൽ അവൻ ചെയ്ത പ്രവൃത്തികളിൽ പലതും ഈ പ്രാർഥനയുടെ ചൈതന്യത്തോടു ചേർന്നു പോകുന്നുണ്ട്. ഈശോ കേപ്പാശ്ലീഹായുടെ അമ്മായിമ്മയെ സുഖപ്പെടുത്തിയതും (മത്താ 8:14-16) ദൈവാലയം ശുദ്ധീകരിച്ചതും (മർക്കോ 11:11; മത്താ 21:12-17) അപ്പം വർദ്ധിപ്പിച്ചതും (ലൂക്കാ 9:12-13; 16-17) കടലിനെ ശാന്തമാക്കിയതുമൊക്കെ ഒന്നാം യാമത്തിലാണ്. ഈശോ പ്രദാനം ചെയ്യുന്ന ആശ്വാസവും ശാന്തിയും സഭാമക്കൾക്ക് മുഴുവനും നൽകണമേയെന്ന് ഈ യാമത്തിൽ ആരാധനാസമൂഹം യാചിക്കുന്നു.

**2) സൂബാആ**

രണ്ടാം യാമത്തിൽ (9 pm - 12 am) സഭ നടത്തുന്ന ശുശ്രൂഷയെ 'സൂബാആ' (അത്താഴാനന്തര പ്രാർഥന) എന്നാണ് വിളിക്കുക. കർത്താവ് ലാസറിന്റെ വീട്ടിൽ അത്താഴവിരുന്നിന് പോയതും (യോഹ 12:1-3); അന്ത്യ അത്താഴവും, ഈശോ ശിഷ്യരുടെ കാല് കഴുകിയതുമൊക്കെ (മത്താ 26:20-28) ഈ യാമത്തിൽ സംഭവിച്ചതായാണ് വിശുദ്ധലിഖിതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നിദ്ര മരണത്തിന്റെ പ്രതീകമായതിനാൽ ഉറങ്ങാൻ പോകുന്നതിന് മുൻപ് ആ ദിവസം ചെയ്തുപോയ പാപങ്ങളെക്കുറിച്ച് അനുതപിച്ച്, രാത്രിയെ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ച്, അവിടുത്തെ സംരക്ഷണത്തിനായി ഈ യാമത്തിൽ സഭ പ്രാർത്ഥിക്കുന്നു.

**3) ലെലിയാ**

മൂന്നാം യാമ (12 am - 3 am) ത്തിലെ ശുശ്രൂഷ 'ലെലിയാ' എന്നറിയപ്പെടുന്നു. 'ലെലിയ' എന്ന വാക്കിന്റെ അർത്ഥം 'രാത്രി' എന്നാണ്. ലോകം മുഴുവൻ നിദ്രയിൽ വിശ്രമിക്കുമ്പോൾ ലോകത്തിനുവേണ്ടി

ജാഗ്രതയോടെ ഉണർന്നിരുന്നു പ്രാർഥിക്കുന്ന സന്യാസ പാരമ്പര്യ ത്തിൽ നിന്നാണ് ലെലിയാ പ്രാർഥനകൾ ഉത്ഭവിച്ചത്. കർത്താവിന്റെ പിറവി (ലൂക്കാ 2:8-14); തിരുക്കുടുംബത്തിന്റെ ഈജിപ്തിലേയ്ക്കുള്ള പാലായനം (മത്താ 2:14); നിക്കോദേമൂസിന്റെ സന്ദർശനം (യോഹ 3:1-2); കാരാഗൃഹത്തിൽ പ്രാർഥനയിൽ മുഴുകിയിരുന്ന പൗലോ സിന്റെയും സീലാസിന്റെയും മോചനം (നട 16: 25-26) എന്നിവ യൊക്കെ രാത്രിയിൽ സംഭവിച്ചതായാണ് വിശുദ്ധ ഗ്രന്ഥത്തിൽ വിവ രിക്കപ്പെടുന്നത്. മണവാളന്റെ വരവിനായി കാത്തിരുന്ന കന്യകകൾ (മത്താ 25:1-13) അവനെ പാതിരാവിൽ എതിരേല്ക്കാൻ ഇടയായതി നോടു ചേർന്നു മിശിഹായുടെ രണ്ടാമത്തെ ആഗമനം ഏതു നേരവും സംഭവിക്കാമെന്നുള്ളതിനാൽ നാം ഉണർവുള്ളവരായിരിക്കണമെന്ന ആഹ്വാനം ലെലിയ നല്കുന്നു.

**4. ഖാലേ ദ്ശഹ്റാ**

വെളുപ്പിന് മൂന്നു മുതൽ ആറു മണി വരെ നീളുന്ന നാലാം യാമ ത്തിന്റെ ശുശ്രൂഷാ 'ഖാലേ ദ്ശഹ്റാ' എന്നാണ് അറിയപ്പെടുക. ലെലി യായുടെ തുടർച്ചയായിട്ടാണ് ഈ ക്രമം സുറിയാനിയുറവിടങ്ങളിൽ കാണുക. അതുകൊണ്ട് തന്നെ 'ലെലിയാ' ശുശ്രൂഷാ ഹൂത്താമ്മ ചൊല്ലി അവസാനിപ്പിക്കാറില്ല. 'ഖാലേ ദ്ശഹറാ' യുടെയർത്ഥം 'ജാ ഗരണത്തിനുള്ള വിളി/ശബ്ദം' എന്നാണ് എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ച് കർത്തൃസ്മരണയിൽ ജാഗരണം നടത്താനുള്ള വലിയ കൃപയ്ക്കായാണ് വിശ്വാസ സമൂഹം ഈ യാമത്തിൽ പ്രാർഥിക്കുക.

**5. സപ്രാ**

ഒന്നാം മണിക്കൂർ (6 am) പ്രഭാത പ്രകാശത്തിൽ സ്രഷ്ടാവിനെ സ്തുതിക്കാനുള്ള സമയമാണ്. ഈ മണിക്കൂറിൽ സഭ 'സപ്രാ' പ്രാർഥന നടത്തുന്നു. 'സപ്രാ' എന്ന വാക്കിന്റെയർത്ഥം 'പ്രഭാതം' എന്നാണ്. പ്രഭാതത്തിൽ ഉദിക്കുന്ന സൂര്യൻ കർത്താവിന്റെ പ്രതീക മാണ്. കർത്തൃപ്രകാശത്തിൽ ദിവസം മുഴുവൻ വ്യാപരിക്കാനുള്ള

വലിയ കൃപയ്ക്കായി സപ്രായിൽ സഭ പ്രാർഥിക്കുന്നു. പ്രഭാത പ്രകാശത്തിൽ സൃഷ്ടലോകത്തിന്റെ മനോഹാരിത ദർശിക്കുന്ന മനുഷ്യൻ സൃഷ്ടവസ്തുക്കളോടു ചേർന്ന് സ്രഷ്ടാവിനെ സ്തുതിക്കുന്നു. ഞായറാഴ്ചകളിലും തിരുനാളുകളിലും ആലപിക്കുന്ന "ബാറെക് കൊലഹോൻ" (മൂന്ന് ബാലന്മാരുടെ കീർത്തനം) സർവസൃഷ്ടജാലങ്ങളും ഒന്നുചേർന്നുള്ള ദൈവസ്തുതിയാണ്. സ്രഷ്ടാവിനെ സ്തുതിച്ചുകൊണ്ട് അവിടുത്തെ പരിപാലനയുടെ തണലിൽ തങ്ങളെ സംരക്ഷിച്ചുകൊള്ളണമേയെന്ന് വിശ്വാസസമൂഹം ആത്മാർഥമായി പ്രാർഥിക്കുന്നു.

### 6. ഖൂഥാആ

മൂന്നാം മണിക്കൂറിലെ (9 am) യാമശുശ്രൂഷ 'ഖൂഥാആ' എന്നറിയപ്പെടുന്നു. ഈശോമിശിഹാ സ്ലീവായിൽ തറയ്ക്കപ്പെട്ടതും (മർക്കോ 15:25) പന്തക്കുസ്തായ്ക്കുശേഷം ശ്ലീഹന്മാർ സുവിശേഷ പ്രഘോഷണത്തിനായി ഇറങ്ങിത്തിരിച്ചതും (നട 2:15) മൂന്നാം മണിക്കൂറിലായിരുന്നു. നിരന്തര പ്രാർഥനയോടെ മിശിഹായ്ക്കുവേണ്ടി കർമനിരതരാകാനുള്ള വലിയ ആഗ്രഹമാണ് 'ഖൂഥാആ' യിൽ വിശ്വാസിസമൂഹം പ്രകടമാക്കുന്നത്.

### 7. എന്ദാന

ആറാം മണിക്കൂറിലെ (12 am) മധ്യാഹ്ന ശുശ്രൂഷ 'എന്ദാന' എന്നറിയപ്പെടുന്നു. 'എന്ദാന' എന്ന വാക്കിന് 'നിമിഷം', 'സമയം' എന്നൊക്കെയാണ് അർത്ഥം. തന്റെ സംഭാഷണത്തിലൂടെ ശമ്രായ സ്ത്രീക്കു യഥാർത്ഥ ആരാധനയുടെ പൊരുളായും (യോഹ 4:6-7) സ്ലീവായിൽ കിടന്നുകൊണ്ട് നല്ല കള്ളന് പറുദീസായുടെ മാധുര്യമായും (ലൂക്ക 23:43-44) പ്രാർഥനയിൽ മുഴുകിയിരുന്ന കേപ്പായ്ക്കു ദർശനത്തിലൂടെ വിജാതിയർക്കുള്ള രക്ഷയായും (നട 10:9-11) ശാവോലിനെ ശ്ലീഹായാക്കുവാൻ ആകാശത്തുനിന്ന് വെളിച്ചമായും പ്രത്യക്ഷപ്പെട്ടുകൊണ്ട് (നട 22:6) കർത്താവു മഹത്ത്വീകരിച്ച മധ്യാഹ്നത്തിൽ

വിശ്വാസിസമൂഹം ഒന്നുചേർന്ന് അവിടുത്തേക്കു കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു.

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ 9-ാം മണിക്കൂറിൽ (3 pm) പ്രത്യേക പ്രാർത്ഥന കാണുന്നില്ല. വിശുദ്ധഗ്രന്ഥ പാരമ്പര്യമനുസരിച്ച് പ്രാർഥനകളുടെ ഏഴുനേര ക്രമീകരണം നടപ്പിലാക്കുന്നതിനുവേണ്ടി ഈ മണിക്കൂറിലെ പ്രാർഥന റംശായോട് ചേർത്തുവെന്നാണ് പണ്ഡിതമതം. എന്നാൽ ആധുനിക പശ്ചാത്തലത്തിൽ പലപ്പോഴും 'ലെലിയ' 'സൂബാആ' യുടെ സമയത്തോടടുപ്പിച്ച് ആചരിക്കുന്നതുകൊണ്ട് **ദ്ബസ്ശാ ശായീൻ**' ഒമ്പതാം മണി ജപം - എന്ന പേരിൽ ഒമ്പതാം മണിക്കൂറിൽ പ്രാർഥിച്ചുകൊണ്ട് ഏഴുനേരപ്രാർഥനകൾ ക്രമീകരിക്കുന്ന രീതി ചില ദയ്റാകളുടെ പശ്ചാത്തലത്തിൽ വളർന്നു വരുന്നുണ്ട്.

**ഉപസംഹാരം**

നിരന്തരം പ്രാർഥിക്കുക (1 തെസ 5:17)യെന്ന ശക്തമായ ശ്ലൈഹിക പ്രബോധനം ഏറ്റുവാങ്ങിയ ആദിമസഭ ആരംഭകാലം മുതൽ തന്റെ മക്കളെ അതിനായി പരിശീലിപ്പിക്കുകയും അതിനുപകരിക്കുന്ന ക്രമീകരണങ്ങൾ അവർക്കായി ഒരുക്കുകയും ചെയ്തതിന്റെ ഫലമാണ് പാശ്ചാത്യപൗരസ്ത്യ വ്യത്യാസമില്ലാതെ എല്ലാ സഭകളും തങ്ങളുടെ സജീവ പാരമ്പര്യത്തിൽ സവിശേഷ പ്രാധാന്യം നൽകി ആഘോഷിക്കുന്ന യാമപ്രാർഥനകൾ. വി. കുർബാനയും കൂദാശകളും യാമപ്രാർഥനകളും കൂദാശാനുകരണങ്ങളും ആരാധനാവത്സര ക്രമീകരണങ്ങളുമെല്ലാം ചേർന്ന ലിറ്റർജിക്കൽ പ്രാർഥന സമുച്ചയത്തിൽ യാമശുശ്രൂഷകൾക്കുള്ള പങ്ക് നിർണായകമാണ്. സഭാ ജീവിതത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയർപ്പണത്തിന്റെ ചൈതന്യം ദിവസത്തിന്റെ യാമങ്ങളിലേയ്ക്കും മണിക്കൂറുകളിലേയ്ക്കും നിമിഷങ്ങളിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ട് നമ്മുടെ ജീവിതം മുഴുവനും നിരന്തരമായ രക്ഷാകരയനുഭവമാക്കി മാറുവാൻ സഭയുടെ യാമപ്രാർഥന നമ്മെ സഹായിക്കുന്നു.

പൗരസ്ത്യ പാരമ്പര്യത്തിൽ യാമപ്രാർഥനകൾ വിശ്വാസ പരിശീലനകളരികളാണ്. മിശിഹായുടെ രക്ഷാകരപദ്ധതിയിലേയ്ക്ക് ഒരു വിശ്വാസിയെ പൂർണ്ണമായി ഉൾച്ചേർക്കുന്നതിനുള്ള പ്രായോഗിക മാർഗമാണത്. നമ്മുടെ സഭയുടെ ഇപ്പോഴത്തെ ക്രമീകരണത്തിൽ മെത്രാന്മാരും സന്യാസികളും വൈദികരും ഒരു പരിധിവരെ റംശാ – ലെലിയ – സപ്രാ പ്രാർഥനകൾ മുടക്കം കൂടാതെ നടത്താറുണ്ട്. പല രൂപതകളിലും വിശ്വാസീസമൂഹവും റംശായും സപ്രായും ദൈവാലയങ്ങളിലും ഭവനങ്ങളിലുമൊക്കെ പ്രാർഥിക്കുന്ന നല്ല ശീലം വളർത്തിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. നമ്മുടെ സഭയുടെ ആദിമ ചൈതന്യം വീണ്ടെടുക്കാനുള്ള പ്രയത്നങ്ങളിൽ ഏഴുനേര യാമ ശുശ്രൂഷകൾ പുനഃപ്രതിഷ്ഠിക്കാനുള്ള ഭാഗികമായ പരിശ്രമങ്ങൾ നടന്നുവരുന്നു. ഏഴുനേര പ്രാർഥനകളിൽ അന്തർലീനമായിരിക്കുന്ന സഭയുടെ വിശുദ്ധ പാരമ്പര്യത്തിന്റെ ധന്യതയും അമൂല്യതയും ഗ്രഹിച്ചുകൊണ്ട് അവ ജീവിതത്തിന്റെ ഭാഗമാക്കാനുള്ള ബോധപൂർവമായ ശ്രമം സഭാമക്കൾ നടത്തേണ്ടിയിരിക്കുന്നു. അല്പം ശ്രദ്ധിച്ചാൽ സെമിനാരികളിലും സന്യാസപരിശീലനകേന്ദ്രങ്ങളിലും സന്യാസഭവനങ്ങളിലുമൊക്കെ ഏഴുനേരവും സഭയോടു ചേർന്ന് പ്രാർഥിക്കുന്ന പതിവ് പുനഃസ്ഥാപിക്കാനാകും. അത്മായ സമൂഹവും തങ്ങളുടെ തിരക്കിട്ട ജീവിതത്തിനിടയിലും സാധിക്കുന്നിടത്തോളം തങ്ങളുടെ വിശ്വാസത്തിന്റെ ആഘോഷമായ ഏഴുനേര പ്രാർഥനകൾ പരിശീലിക്കുന്നത് സഭാത്മക ജീവിതത്തിന്റെ മഹനീയ പ്രകാശനമായിരിക്കും. അങ്ങനെ നമ്മുടെ അമ്മയും ഗുരുനാഥയുമായ സഭാമാതാവിന്റെ പരിശീലനത്തോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുന്ന ഉത്തമതനയരായി നമുക്ക് വളരാം.

**സി. റോസ്‌ലിൻ**
**ബേസ് തോമാ ദയ്റാ പാലമറ്റം**
**കുറുമ്പനാടം**



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

**ഏപ്രിൽ**

| | |
|---|---|
| റവ. ഫാ. ബിജു ജോൺ ചുളയില്ലാപ്ലാക്കൽ | 10,000/- |
| റവ. ഫാ. എബ്രാഹം കൊച്ചുവീട്ടിൽ | 15,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം | 15,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ആന്റണി നെടിയകാലാപറമ്പിൽ
(17.08.1938 – 01.05.2019)



റവ. ഫാ. മാത്യു പിണമറുകിൽ
(26.04.1939 – 03.05.2021)



റവ. ഫാ. ജോർജ്
പൊന്നെടുത്തകല്ലേൽ
(15.07.1906 – 07.05.1985)



റവ. ഫാ. ജോസഫ്
വീട്ടുവേലിക്കുന്നേൽ
(21.12.1905 – 11.05.1984)



റവ. ഫാ. ജോസഫ്
ചെരുവിൽ
(04.04.1940 – 11.05.2021)

# അജപാലനോത്തേജന വിഭാഗം

## വി. മൂറോൻ കൂദാശയും വൈദികദിനവും

വി. മൂറോൻ കൂദാശയും വൈദികദിനവും ഏപ്രിൽ 19 ചൊവ്വാഴ്ച കാഞ്ഞിരപ്പള്ളിയിൽ നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ രാവിലെ 10 മണിക്ക് ആരംഭിച്ച തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാർമ്മികനായിരുന്നു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ, പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. ജോസഫ് വെള്ളമറ്റം, ഫാ. തോമസ് പരിന്തിരിക്കൽ എന്നിവർക്കൊപ്പം രൂപതയിലെ വൈദികർ, ആരാധനക്രമഗായകസംഘം എന്നിവർ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്നു. മദ്ബഹയിലെ ശുശ്രൂഷകളിലും തിരുക്കർമ്മങ്ങളെത്തുടർന്ന് വി. മൂറോൻ തൈലം ഓരോ ഇടവകകൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പാത്രങ്ങളിൽ ക്രമീകരിക്കുന്നതിനും ഡീക്കന്മാരും സബ്ഡീക്കന്മാരും സഹായിച്ചു. ഏറ്റവും ബഹുമാനപ്പെട്ട പൂവത്താനിക്കുന്നേൽ തോമസച്ചൻ തിരുക്കർമ്മങ്ങളുടെ വ്യാഖ്യാനം നല്കി.

രൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ബഹുമാനപ്പെട്ട മുതുപ്ലാക്കൽ സെബാസ്റ്റ്യനച്ചന്റെ നേതൃത്വത്തിൽ ആരാധനക്രമഗായകസംഘപരിശീലനം നേടിക്കൊണ്ടിരുന്നവരിൽ വൈദികരും സിസ്റ്റേഴ്സും അത്മായരുമടങ്ങുന്ന 60 പേരാണ് ഉച്ചഭാഷിണിയുടെ സഹായം കൂടാതെതന്നെ ശുശ്രൂഷകളിൽ സഹായിച്ചത്.

വി. മൂറോൻ കൂദാശയെതുടർന്ന് മഹാജൂബിലി ഹാളിൽ വൈദികസമ്മേളനം നടത്തപ്പെട്ടു. പ്രോട്ടോസിഞ്ചെല്ലൂസ് ഏറ്റവും ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റം അച്ചന്റെ ആമുഖത്തോടെ ആരംഭിച്ച സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ വൈദികദിന

സന്ദേശം നല്കി. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ വൈദികദിനാശംസകൾ നേർന്ന് സംസാരിച്ചു. നവവൈദികർ ഒരുമിച്ച് ഗാനങ്ങളാലപിച്ചു. തുടർന്ന് PWA സമ്മേളനം നടത്തപ്പെട്ടു. ഏറ്റവും ബഹുമാനപ്പെട്ട തെക്കേവയലിൽ വിൽഫിച്ചൻ നന്ദിയർപ്പിച്ചു. പുല്ലാന്തനാൽ രാജേഷച്ചൻ സമ്മേളനത്തിൽ അവതാരകനായിരുന്നു. ഉച്ചകഴിഞ്ഞ് പാറത്തോട് എം.ഡി.എസ്.ൽ നടത്തപ്പെട്ട റവ. ഫാ. ജോൺ കുന്നപ്പള്ളി മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റിൽ സീനിയർ വിഭാഗത്തിൽ ബഹുമാനപ്പെട്ട തോമസ് മറ്റമുണ്ടയിലച്ചനും ജയിംസ് വെൺമാന്തറയച്ചനും ജൂണിയർ വിഭാഗത്തിൽ തോമസ് പട്രകാലയിലച്ചനും ജോസഫ് പുൽത്തകിടിയച്ചനും വിജയികളായി.

ബഹുമാനപ്പെട്ട വൈദികരായ തോമസ് തെക്കേമുറിയച്ചനും ജോർജ് കൊച്ചുപറമ്പിലച്ചനും സീനിയർ വിഭാഗത്തിലും തോമസ് ചിന്താർമണിയച്ചനും മാത്യു കയ്യാണിയച്ചനും ജൂണിയർ വിഭാഗത്തിലും റണ്ണർ അപ്പ് നേടി. ടൂർണ്ണമെന്റിന്റെ ക്രമീകരണങ്ങൾ റവ.ഫാ. റോബിൻ പട്രകാലയിൽ ഭംഗിയായി നിർവ്വഹിച്ചു.

**പരിശുദ്ധ കുർബാന നല്കുന്ന അസാധാരണ ശുശ്രൂഷകർക്കുള്ള പരിശീലനം.**

ഇടവകകളിൽ പരിശുദ്ധ കുർബാന നല്കുന്നതിനുള്ള Extra Ordinary Ministers എന്ന നിലയിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള പരിശീലന പരിപാടി താഴെ പറയുന്ന വിധത്തിൽ ഫൊറോന അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു.

കട്ടപ്പന, ഉപ്പുതറ, മുണ്ടിയെരുമ: മെയ് 20 (വെള്ളി) - കട്ടപ്പന ഫൊറോന പള്ളി ആഡിറ്റോറിയം.

അണക്കര, കുമളി : മെയ് 21 (ശനി) - PAC, അണക്കര

കാഞ്ഞിരപ്പള്ളി, പൊൻകുന്നം, റാന്നി, പത്തനംതിട്ട : മെയ് 26

(വ്യാഴം) - കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ആഡിറ്റോറിയം

മുണ്ടക്കയം, എരുമേലി, വെളിച്ചിയാനി, പെരുവന്താനം : മെയ് 27 (വെള്ളി) - കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ആഡിറ്റോറിയം

**പ്രത്യേകം ശ്രദ്ധിക്കുക**

1) ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശുപാർശക്കത്തോടുകൂടിയാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്.

2) പരിശീലന പരിപാടിയിൽ പൂർണ്ണമായി പങ്കെടുത്ത് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നല്കുന്ന അനുമതിപത്രം ലഭിക്കുന്നവരെയാണ് ശുശ്രൂഷയ്ക്കായി ഇടവകകളിൽ നിയോഗിക്കുന്നത്.

3) പങ്കെടുക്കുന്നവരെ സംബന്ധിച്ചുള്ള വിവരങ്ങൾ (പേര്, വീട്ടുപേര്, സന്യാസസമൂഹം, ഇടവക) മെയ് 18 നു മുമ്പ് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (9645674443, 9496033110, panimationkply@gmail.com) അറിയിക്കേണ്ടതാണ്.

4) 100/ രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

5) അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇടവകയിലെ ശുശ്രൂഷയ്ക്ക് മാത്രമാണ് അനുമതി ലഭിക്കുന്നത്.

6) അനുമതിയുടെ കാലാവധി ഒരു വർഷത്തേയ്ക്ക് മാത്രമായതിനാൽ മുൻപ് പരിശീലന പരിപാടിയിൽ സംബന്ധിച്ചവരും പരിശീലനത്തിൽ പങ്കെടുത്ത് അനുമതിപത്രം വാങ്ങേണ്ടതാണ്.

**ജീവൻ ദശാംശശേഖരണം**

ജീവൻ ദശാംശശേഖരണം പൂർത്തിയാക്കി ഇടവകകൾ ഇതിനോടകം തന്നെ തുക കൈമാറിക്കഴിഞ്ഞുവെന്നത് നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ നടന്ന ആത്മാർത്ഥ പരിശ്രമത്തിന്റെ ഫലമാണ്. വിവിധ സാഹചര്യങ്ങൾ മൂലം ഏതെങ്കിലും ഇടവകകൾക്ക് ദശാം

ശശേഖരണം പൂർത്തിയാക്കുവാനായിട്ടില്ലെങ്കിൽ എത്രയും വേഗം പൂർത്തീകരിച്ച് തുക കൈമാറുമല്ലോ. താഴെ പറയുന്നവ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

- 10000 രൂപയും അതിൽ കൂടുതലും ബാങ്ക് അക്കൗണ്ട് മുഖേന യാണ് ട്രാൻസ്ഫർ ചെയ്യേണ്ടത്.
- ബാങ്ക് ട്രാൻസ്ഫറിനുശേഷം വിളിച്ചറിയിക്കുകയോ വാട്ട്സ് ആപ്പ് മെസേജ് നൽകുകയോ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

Office : 9645674443, Fr. Stanly Pullolickal : 9496033110

**Account details**

**Diocese of Kanjirapally**

**(Fr. Sibandhu Devasia & Fr. Stanly Eapen)**

**A/C No. 10310100237040**

**Federal Bank, Kanjirapally Branch**

**IFSC - FDRL0001031, Ph :04828-205942, Mob: 9645674443**

അല്ലെങ്കിൽ

**Procurator, Tithe Programme**

**A/C No. 07, Sahyadri Co-operative Credit Society**

**Main Branch, Kanjirapally**

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# റെയിൻബോ 2021

## ഭവനനിർമ്മാണം

കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രളയദുരിതാശ്വാസ പദ്ധതിയായ റെയിൻബോ പദ്ധതിയിൽ നിർമ്മിക്കുന്ന 45 ഭവനങ്ങളിൽ 26 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർമ്മാണ നിയമങ്ങൾക്ക് വിധേയമായി പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഇനിയും നിർമ്മാണം ആരംഭിക്കേണ്ട ഭവനങ്ങളുടെ പണികൾ ഉടൻ ആരംഭിക്കുന്നതാണ്. ഇതിനോടകം തന്നെ ചേനപ്പാടിയിൽ ഒരു ഭവനം വാങ്ങി നല്കിയിരുന്നു.

വിൻസെൻഷ്യൻ, സി.എം.ഐ, എം.സി.ബി.എസ്, ജസ്യൂട്ട്, എസ്.എച്ച്, സി.എം.സി, കുട്ടിക്കാനം പ്രതീക്ഷ സിസ്റ്റേഴ്സ്, ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് തുടങ്ങിയ സന്യാസസമൂഹങ്ങളും ഫെഡറൽ ബാങ്ക്, ജീസസ്സ് യൂത്ത് എന്നിവരും ഒന്നോ അതിലധികമോ ഭവനങ്ങൾ നിർമ്മിച്ചു നല്കുന്നു.

## കാരുണ്യസഹായം

ഉപജീവനത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്ന 101 കുടുംബങ്ങൾക്ക് മൂന്നു മാസത്തേക്ക് 30000/- രൂപ വീതം കോട്ടയം നവജീവൻ ട്രസ്റ്റിന്റെ സഹായത്തോടെ നല്കി.

## ഇൻകം ജനറേറ്റിംഗ് പ്രോഗ്രാം

പ്രളയത്തിൽ വരുമാനമാർഗ്ഗം നഷ്ടപ്പെട്ട 10 കുടുംബങ്ങൾക്ക് പശുവളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ

എന്നിവയ്ക്കായി കുമളി വോസാർഡ് (സി.എം.ഐ.) സഹാ യത്തോടെ 25000/- രൂപ വീതം നല്കി.

## ഗൃഹോപകരണ വിതരണം

പ്രളയത്തിൽ ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ട 130 കുടും ബങ്ങളിൽ കുട്ടിക്കാനം പ്രതീക്ഷ സിസ്റ്റേഴ്സ് ഗ്യാസ് സ്റ്റൗ വാങ്ങി നൽകി. അതോടൊപ്പം ഒരു ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നു.

## വിദ്യാഭ്യാസ സഹായം

പ്രളയദുരിതത്തിലായി പഠനസാധ്യതകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് നേഴ്സിംഗ്, പോളിടെക്നിക് ഉൾപ്പെടെ വിവിധ ബിരുദ ബിരുദാനന്തര കോഴ്സുകൾക്കായി ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകി തുടർപഠനം സാധ്യമാക്കുന്നു. സി.എം.ഐ. കോട്ടയം പ്രൊവിൻസ് ഉൾപ്പെടെ വിവിധ സന്യാസസമൂഹങ്ങളും സഹായങ്ങൾ നല്കുന്നു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

# വിശ്വാസജീവിത പരിശീലനം

**2022 മെയ് മാസത്തിലെ കർമ്മപരിപാടികൾ**

**മെയ്**

1 : സപ്ലിമെന്ററി പരീക്ഷ (10, 12 ക്ലാസുകൾ)

7 : എയ്ഞ്ചൽസ് മീറ്റ് (ഫൊറോനകളിൽ)

8 : GEMS Entrance Examination (Online)

10 : സർഗസംഗമം, കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ

14 : ചെറുപുഷ്പമിഷൻലീഗ് രൂപതാ മാനേജിംഗ് കമ്മിറ്റി

28 : സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും സമ്മേളനം, രൂപതാ വാർഷികം സുവാറ & CML

29 : വിശ്വാസപരിശീലന വർഷാരംഭം, ക്ലാസ് കയറ്റം, സ്റ്റാഫ് മീറ്റിംഗ്

**ജൂൺ**

5 : പന്തക്കുസ്താ തിരുനാൾ, മതബോധന ഞായർ

**ഉത്ഥാനോത്സവം 2022**

മാറിയ സാഹചര്യത്തിൽ ഒട്ടേറെ പുതുമകളോടെ ഈ വർഷത്തെ ഉത്ഥാനോത്സവം ഏവരും സജീവമായി നടത്തിയതിൽ പ്രത്യേകം നന്ദി അറിയിക്കുന്നു. സെന്റ് തോമസ് വിഭാഗത്തിന്റെ ഉത്ഥാനോത്സവം മെയ് 14 മുതൽ 18 വരെ തീയതികളിൽ നടത്തപ്പെടും. ഇടവകയുടെ സാഹചര്യമനുസരിച്ച് ഓരോ ദിവസവും കൂടുതൽ

സമയം എടുത്തു നടത്തുന്നെങ്കിൽ മൂന്നു ദിവസമായി ചുരുക്കാവു ന്നതാണ്. സെന്റ് തോമസ് വിഭാഗത്തിലെ മുഴുവൻ കുട്ടികൾക്കും വർക്ക് ബുക്ക് ക്രമീകരിച്ചിട്ടുണ്ട്. വില 10 രപ.

ഉത്ഥാനോത്സവ വർക്കുബുക്കുകളും അദ്ധ്യാപകസഹായിയും തയ്യാറാക്കാൻ അക്ഷീണം യത്നിച്ച രൂപതാ റിസോഴ്സ് ടീമംഗങ്ങ ളായ ശ്രീ. ബിനോ പി. ജോസ്, ശ്രീ. ജോബി പുളിക്കൽ, ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ, ശ്രീ. ഹാരി ചീരംകുന്നേൽ, ശ്രീ. സാജൻ പാപ്പച്ചൻ, ശ്രീ. സിജോ പുത്തനങ്ങാടി, ശ്രീ. ഷെബിൻ പൂവത്തിങ്കൽ, സി. തെരേസ് മരിയ സി.എം.സി., സി. ട്രീസാ എസ്.എച്ച്., സി. അനു എസ്.എച്ച്., ശ്രീമതി മെർലിൻ സാജൻ, മിസ് അഞ്ജു ഫ്രാൻസിസ്, സി. ജീവാ ജോസ്, ബ്രദർ ജസ്റ്റിൻ മണിമല, ബ്രദർ അഖിൽ പെരു നിലത്ത് എന്നിവർക്കും വിവിധ തരത്തിൽ സഹായിച്ച ഏവർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഉത്ഥാനോത്സവ ഓൺലൈൻ അധ്യാപക പരിശീലനത്തിൽ പങ്കെടുത്ത് ഏറ്റവും ആകർഷകമായി ഉത്ഥാനോത്സവം ക്രമീകരിച്ച എല്ലാ വിശ്വാസജീവിതപരിശീലകർക്കും നന്ദി.

ഉത്ഥാനോത്സവത്തെപ്പറ്റി ഇടവകതലത്തിൽ വിലയിരുത്തൽ നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

**GEMS 2022**

ആറാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് USS, PSC മുതൽ IAS കോച്ചിംഗ് വരെ തൊഴിൽ സാധ്യതയുള്ള പരീക്ഷകളെഴുതുന്നതിനു പരിശീലനം നല്കുന്ന പുതിയ പദ്ധതിയുടെ ഭാഗമായി വിവിധ ഫൊറോനാകൾ തിരിച്ച് 8 ഓൺലൈൻ Orientation Programmes ക്രമീക രിച്ചു. നൂറോളം കുട്ടികൾ പരിശീലനത്തിൽ പങ്കുചേരുന്നതിനുള്ള പരീക്ഷയ്ക്കായി പേര് രജിസ്റ്റർ ചെയ്തു. രണ്ടു പരീക്ഷകളും ഇന്റർവ്യൂവും നടത്തിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ആദ്യ

ഘട്ട പരീക്ഷ മെയ് 8-ാം തീയതി ഓൺലൈനിൽ നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾക്ക് നിതിൻ ജോസ് 9544978919

**സർഗസംഗമം**

പ്രസംഗം, സംഗീതം, സാഹിത്യം (കഥ, കവിത, ഉപന്യാസം) എന്നിവയിൽ അഭിരുചിയുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലനം നല്കുന്ന സർഗസംഗമം മെയ് 10-ാം തീയതി ചൊവ്വാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. രജി. ഫീസ് 100 രൂപ. രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ നടത്തപ്പെടുന്ന വർക്ക്ഷോപ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരുടെ പേര് നല്കാൻ ശ്രദ്ധിക്കുമല്ലോ.

**Blossom 2022**

സൺഡേസ്കൂൾ പാഠ്യപദ്ധതിയുടെ പ്രായോഗികാവിഷ്കാരമായി Life Skills Training ഉൾപ്പെടുത്തി രൂപതാ ടീം Blossom 2022 എന്ന പേരിൽ പുതിയ പരിശീലനപരിപാടി ഒരുങ്ങുന്നു. ഈ വർഷം നാലാം ക്ലാസിലെ കുട്ടികൾക്കുള്ള പ്രത്യേക പാഠ്യപദ്ധതിയാണ് തയ്യാറായിരിക്കുന്നത്. തുടർന്ന് ഓരോ ക്ലാസിനും ജീവിതബന്ധിയായ പരിശീലനം നല്കും. 12-ാം ക്ലാസ് കഴിയുന്നതോടെ ഉത്തമബോധ്യങ്ങളോടെ വിശ്വാസപരിശീലനം തുടരാൻ സജ്ജരാക്കുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഫാ. മൈക്കിൾ കിഴക്കേൽ, ഫാ. സെബാസ്റ്റ്യൻ വട്ടത്തറ, സി. ആനി മരിയ സി.എം.സി., സി. അന്ന മരിയ എസ്.എച്ച്., പ്രൊഫ. ബിനോ പി. ജോസ്, ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ എന്നിവരാണ് കമ്മിറ്റിയംഗങ്ങൾ. തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിൽ ഈ വർഷം തന്നെ പ്രസ്തുത പരിശീലനം ആരംഭിക്കുന്നതാണ്.

**ഉണർവ്**

കോവിഡാനന്തരം വിശ്വാസജീവിതപരിശീലനത്തിന്റെ ഭാഗ

മായി കാഞ്ഞിരപ്പള്ളി ഫൊറോനയിലെ തെരഞ്ഞെടുക്കപ്പെട്ട വിശ്വാസപരിശീലകർക്കായി ഉണർവ് 2022 എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടി നടത്തപ്പെട്ടു. ഡോ. അലക്സ് കാവുകാട്ട് പരിശീലനം നല്കി. ഇതിന്റെ തുടർച്ചയായി വിവിധ ഇടവകകളിൽ കുട്ടികൾക്കായി ക്ലാസുകൾ ക്രമീകരിക്കപ്പെട്ടു. ആത്മീയവും മാനസികവും ബൗദ്ധികവുമായ വളർച്ച മുന്നിൽ കണ്ടുകൊണ്ടുള്ള പരിശീലന പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**10, 12 ക്ലാസുകളുടെ പരീക്ഷാഫലം**

സൺഡേസ്കൂൾ 10, 12 ക്ലാസുകളിൽ കുട്ടികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പന്ത്രണ്ടാം ക്ലാസിൽ പരീക്ഷ എഴുതിയ 2072 പേരിൽ 16 പേരൊഴികെ 2056 പേരും പത്താം ക്ലാസിൽ പരീക്ഷ എഴുതിയ 2156 പേരിൽ 51 പേരൊഴികെ 2105 പേരും വിജയിച്ചു.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**കാഞ്ഞിരപ്പള്ളി രൂപതാ ചെറുപുഷ്പ മിഷൻലീഗിന് പുതിയ സാരഥികൾ**

കാഞ്ഞിരപ്പള്ളി : ഏപ്രിൽ 11-ാം തീയതി തിങ്കളാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ 2022-2023 വർഷത്തെ രൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ജെറിൻ നെടുംതകിടിയിൽ അധ്യക്ഷത വഹിച്ച സമ്മേളനം രൂപതാ വികാരി ജനറൽ ഫാ.ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. ജോജി എന്ന സിനിമയിലൂടെ പ്രശസ്തനായ സിനിമാതാരവും മിഷൻ ലീഗ് മുൻ രൂപതാ പ്രസിഡന്റ് അലക്സ് അലക്സിന്റെ പുത്രനുമായ മാസ്റ്റർ അലിസ്റ്റർ അലക്സ് വിശിഷ്ട അതിഥിയായി എത്തി കുട്ടികളുമായി സംഭാഷണം നടത്തി. സി.എം.എൽ. സംസ്ഥാന ഓർഗനൈസർ അരുൺ ജോസ് പുത്തൻപുരയ്ക്കൽ ക്ലാസ് നയിക്കുകയും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് രൂപതാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ:

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോ റോയ് കണിയാംപറമ്പിൽ, കിഴക്കേ മാട്ടുക്കട്ട, കട്ടപ്പന |
| വൈസ് പ്രസിഡന്റ് | : | സാറാ മറിയം സിന്റോ പനച്ചിക്കുന്നേൽ, എരുത്വാപ്പുഴ, എരുമേലി |
| സെക്രട്ടറി | : | ജോണി ജോസുകുട്ടി കൊക്കാട്ടുമുണ്ടയ്ക്കൽ കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി |

ജോയിന്റ് സെക്രട്ടറി: ജൂലിയറ്റ് അനിൽ കൊച്ചുകരിപ്പാപ്പറമ്പിൽ, പൊൻകുന്നം

ഓർഗനൈസേഴ്സ് : ഡിയോൺ ബിജോയ് കല്ലേക്കുളം, ഇടമൺ, റാന്നി,

സാറാ സാജു, മുതുകാട്, പുറ്റടി, അണക്കര.

**ഓർഗനൈസിംഗ് എക്സിക്യൂട്ടീവ് (അദ്ധ്യാപകർ)**

ഓർഗനൈസിംഗ് പ്രസിഡന്റ്

: അരുൺ പോൾ കോട്ടയ്ക്കൽ, മേരികുളം

വൈസ് പ്രസിഡന്റ് : ജൂലി ജോൺ മറ്റപ്പള്ളിൽ, കൊല്ലമുള

സെക്രട്ടറി : ജിൻസ് മോൻ ബെന്നി, പാലംകുന്നേൽ, കട്ടപ്പന

ജോയിന്റ് സെക്രട്ടറി: സ്നേഹ വർഗീസ് മടുക്കക്കുഴി, മുണ്ടക്കയം

ജനറൽ ഓർഗനൈസർ

: അലൻ ജോളി പടിഞ്ഞാറേക്കര, നരിയമ്പാറ

ഹൈറേഞ്ച് ഓർഗനൈസർ

: ജോബിൻ ജോയ് വരിക്കമാക്കൽ, അണക്കര

ലോറേഞ്ച് ഓർഗനൈസർ

: മഞ്ജു റോയ് മൂഴയിൽ, മുക്കൂട്ടുതറ

സ്പെഷ്യൽ ഓർഗനൈസർ

: അനുമോൾ തോമസ് അന്തിക്കാട്ട്, പാലപ്ര

മാനേജിങ് കമ്മിറ്റി മെമ്പർ

: ജെറിൻ ജോർജ് തോമസ് നെടുംതകിടിയിൽ, പഴയകൊരട്ടി

പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ ഡയറക്ടർ ഫാ അഗസ്റ്റിൻ പുതുപ്പറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ എന്നിവരുടെ മുമ്പാകെ സത്യ പ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. ആനിമേറ്റർ സിസ്റ്റർ റിറ്റ, ഫൊറോനാ

ഡയറക്ടർമാർ, വൈസ് ഡയറക്ടർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**നന്ദി**

പ്രതിസന്ധിയുടെ കോവിഡ് നാളുകളിൽ ചെറുപുഷ്പമിഷൻലീഗിലെ കുട്ടികളെ സഹായിക്കാനായി ഓർഗനൈസിംഗ് എക്സിക്യൂട്ടീവ് ആയിരുന്ന പ്രിയ വിശ്വാസജീവിത പരിശീലകർക്ക് നന്ദി. ശ്രീ. ജെറിൻ നെടുംതകിടിയിൽ, ശ്രീ. ഷെറിൻ കിഴക്കുംകര, ശ്രീ. ജോസ് എൺപത്തെട്ടിൻചിറ, ശ്രീ. അരുൺ കോട്ടയ്ക്കൽ, ശ്രീ. മാത്യൂസ് മടുക്കക്കുഴി, ശ്രീമതി വത്സമ്മ ആന്റണി പഴേവീട്ടിൽ, ശ്രീമതി സുജ റ്റോമി പാലമുറിയിൽ, ശ്രീമതി മഞ്ജു മനോജ് താണോലിൽ എന്നിവർക്കും 25 വർഷത്തോളം എക്സിക്യൂട്ടീവ് അംഗവും സംസ്ഥാന സമിതിയംഗവുമായിരുന്ന ശ്രീ. ഷാജൻ മണ്ണംപ്ലാക്കൽ എന്നിവർക്കും ആത്മാർത്ഥമായ നന്ദി.

**മിഷൻലീഗ് സംസ്ഥാന വാർഷികം ഇടുക്കി രൂപതയിൽ**

ചെറുപുഷ്പമിഷൻലീഗിന്റെ സംസ്ഥാനതല വാർഷികസമ്മേളനവും പുതിയ വർഷത്തെ കർമപദ്ധതികളുടെ പ്രകാശനവും മെയ് 2-ാം തീയതി തിങ്കളാഴ്ച ഇടുക്കി രൂപതയിലെ വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ നടത്തപ്പെടുന്നു. തദവസരത്തിൽ കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനങ്ങൾ നടത്തിയ രൂപതയ്ക്കുള്ള അവാർഡ് നമ്മുടെ രൂപതാ സമിതിയംഗങ്ങൾ ഏറ്റുവാങ്ങുന്നതാണ്.

**ANGELS' MEET**

ആദ്യകുമ്പസാരവും ആഘോഷമായ വി. കുർബാനസ്വീകരണവും നടത്തിയ കുട്ടികൾ ഫൊറോനാതലത്തിൽ ഒരുമിച്ചുകൂടി വി. കുർബാനയിൽ പങ്കുചേർന്ന് സൗഹൃദം പുതുക്കി ഗ്രൂപ്പ് ഫോട്ടോ

എടുത്തു മടങ്ങുന്നത് കുട്ടികൾ ഏറെ കാത്തിരിക്കുന്ന അവസരമാണ്. ഫൊറോനാ തലത്തിൽ സാധ്യമല്ലെങ്കിൽ രണ്ടും മൂന്നും ഇടവകകൾ ഒരുമിച്ചെങ്കിലും ചേർന്ന് പ്രസ്തുത സംഗമം നടത്തുന്നത് ഉചിതമാണ്. ഫൊറോനാ വികാരിയച്ചനും മിഷൻലീഗ് ഫൊറോനാ ഡയറക്ടറച്ചനും നല്കുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് അതാതു ഫൊറോനയുടെ സാഹചര്യമനുസരിച്ച് എയ്ഞ്ചൽസ് മീറ്റ് നടത്താൻ ശ്രദ്ധിക്കുമല്ലോ.

**MISSION EXHIBITION**

ഫിയാത്ത് മിഷന്റെ ആഭിമുഖ്യത്തിൽ മിഷൻ രൂപതകളെക്കുറിച്ചും മിഷൻ കേന്ദ്രങ്ങളെക്കുറിച്ചും അറിവു നല്കുന്ന ഒരു മിഷൻ എക്സിബിഷൻ ഒരുക്കുന്നു. വിവിധ ഫൊറോനാകേന്ദ്രങ്ങളിൽ ഫിയാത്ത് മിഷൻ ടീമംഗങ്ങൾ വന്ന് അവ ക്രമീകരിക്കുന്നതാണ്. വിശ്വാസപരിശീലകർക്കും കുട്ടികൾക്കും മറ്റുള്ളവർക്കും ഇടവകതലത്തിൽ ഒരുമിച്ചു വന്ന് എക്സിബിഷനിൽ പങ്കെടുക്കാവുന്നതാണ്. ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തേണ്ട തീയതികൾ അറിയിക്കുമല്ലോ.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**ഇടവക വാർഷിക ധ്യാനങ്ങൾ**

ചേമ്പളം സെന്റ് ജോസഫ് ഇടവകയിൽ ഏപ്രിൽ മാസം 11-14 തീയതികളിൽ "വിശ്വാസവും സ്നേഹവും കുടുംബത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി ധ്യാനം നടത്തി.

പെരുവന്താനം സെന്റ് ജോസഫ് ഫൊറോന ഇടവകയിൽ ഏപ്രിൽ മാസം 18-20 തീയതികളിൽ വാർഷികധ്യാനം നടന്നു.

**അഭിനന്ദനങ്ങൾ**

കൂവപ്പള്ളി ഇടവകാംഗവും സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുമായ ശ്രീ. ജെയിംസ് തോമസ് പുല്ലാട്ട് സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ദിവസവും ഒരു മണിക്കൂർ വീതം രണ്ടര വർഷം കൊണ്ട് 125 പേനകൾ ഉപയോഗിച്ച് 5479 പേജുകളിലായി പകർത്തിയെഴുതിയ ബൈബിൾ, ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. ഇമ്മാനുവേൽ മടുക്കക്കുഴി വെഞ്ചരിച്ചു.

**ബൈബിൾ ക്ലാസ്**

വിശ്വാസികളുടെ പ്രാർത്ഥനാപുസ്തകമായ സങ്കീർത്തനത്തെ കുറിച്ച് പ്രാരംഭ ക്ലാസുകൾ ഓൺലൈനായി മെയ്മാസത്തിലെ ബുധനാഴ്ചകളിൽ വൈകുന്നേരം 6 മുതൽ 7 വരെ നടത്തപ്പെടുന്നു.

ക്ലാസിൽ പങ്കെടുക്കാൻ ഉപയോഗിക്കേണ്ട ലിങ്ക് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവരവരുടെ ഇടവകകളിൽ ഷെയർ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. കാഞ്ഞിരപ്പള്ളി രൂപതയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ മെയ് മാസത്തിലെ ചൊവ്വാഴ്ചകളിൽ ലിങ്ക് പ്രസിദ്ധീകരിക്കുന്നതാണ്.

**ഫാ. തോമസ് നിരപ്പേൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ്
# (എസ്. എം. വൈ. എം.)

**2022 മെയ്**

1 – സവ്റ യുവജനസംഗമം പൊടിമറ്റം

4 – തിരുശേഷിപ്പു പ്രയാണം വെളിച്ചിയാനി ഫൊറോന

8 – യൂണിറ്റ് വിസിറ്റ് (ഫൊറോനാ – രൂപതാതലം)
യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിങ്

13 – തിരുശേഷിപ്പു പ്രയാണം-മുണ്ടക്കയം ഫൊറോന

14 – ക്രിക്കറ്റ് ടൂർണമെന്റ് രൂപതാതലം

15 – ഇടവക ജനറൽ ബോഡി മീറ്റിങ്

21–22 – ടീൻഫെസ്റ്റ് അണക്കര ഫൊറോന PAC

26 – തിരുശേഷിപ്പു പ്രയാണം പെരുവന്താനം

28–29 – ടീൻഫെസ്റ്റ് മുണ്ടിയെരുമ – ഉപ്പുതറ ഫൊറോന – PAC

**പാസ്സിയോ**

നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് SMYM-ന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിലും ഫൊറോനകളിലും പാസിയോ കുരിശിന്റെ വഴി നടത്തപ്പെട്ടു. ഏപ്രിൽ 10-ന് രൂപത SMYM-ന്റെ നേതൃത്വത്തിൽ പാസ്സിയോ കുരിശിന്റ വഴി മുറിഞ്ഞപുഴ കുരിശുമലയിലേക്ക് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാദർ വർഗീസ് കൊച്ചുപുരയ്ക്കൽ പ്രസിഡന്റ് ജോപ്പു ഫിലിപ്പ് തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ ഫൊറോനകളിൽ നിന്നായി മുന്നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു

**ഐൻഹൈറ്റ്**

ഇടവക യുവജന സംഗമം

ഐൻഹൈറ്റ് 16 ന് ദുഃഖശനിയാഴ്ച്ച ഇടവകതലത്തിൽ നടത്തപ്പെട്ടു. 70 ഇടവകകൾ ഐൻഹൈറ്റ് സംഘടിപ്പിച്ചു.

**എസ് എം വൈ എം ആപ്പ്**

കാഞ്ഞിരപ്പള്ളി രൂപതയിലെ യുവജനങ്ങൾക്കായുള്ള എസ് എം വൈ എം ആൻഡ്രോയിഡ് ആപ്പ് ഓശാന ഞായറാഴ്ച രൂപതയിലെ മൊത്തം യുവജനങ്ങൾക്കുമായി സമർപ്പിച്ചു. മെമ്പർഷിപ്പ് കാർഡ്, STRINGS ( SMYM ഹാൻഡ് ബുക്ക്), ജോബ് സെൽ, ബ്ലഡ് ഡോണേഷൻ സെൽ, അലുമിനി ഗ്രൂപ്പ്, SMYM വാർത്തകൾ തുടങ്ങിയ നിരവധി സേവനങ്ങൾ ഇനി ആപ്ലിക്കേഷനിലൂടെ ലഭ്യമാണ്.

**തിരുശേഷിപ്പ് പ്രയാണം**

വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് പ്രയാണം 2022 മാർച്ച് 27 മുതൽ ഏപ്രിൽ 13 വരെ എരുമേലി ഫൊറോനയിലെ വിവിധ ഇടവകകളിലൂടെ കടന്നുപോയി. ഫൊറോന ഡയറക്ടർ ഫാ. ആൽബിൻ കുഴിക്കാട്ട്, ആനിമേറ്റർ സി. ടെസ്സ് മരിയ, പ്രസിഡന്റ് ശ്രീ. നിഖിൽ മണ്ണനാക്കുന്നേൽ, വൈസ് പ്രസിഡന്റ് അനിറ്റ് മരിയ, ജോഫിൻ, ജോബ്, ആൽബിൻ, സ്നേഹ, നവീൻ, ജോപ്പു, ശില്പ, സൈബി, ഷാരോൺ എന്നീ യുവജന നേതാക്കൾ നേതൃത്വം നൽകി.

വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് പ്രയാണം ഏപ്രിൽ 20-ാം തീയതി റാന്നി പത്തനംതിട്ട ഫൊറോനായിൽ ആരംഭിച്ചു.

**സവ്റ 2022**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം. വൈ.എം. യുവജന നേതൃത്വ സംഗമം 2022 മെയ് ഒന്നാം തീയതി ഞായറാഴ്ച പൊടിമറ്റം

സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെടും. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ്, മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ശ്രീ. സാബു എം. ജേക്കബ് സിനിമാ സംവിധായകൻ മാത്തുക്കുട്ടി എന്നിവർ പങ്കെടുക്കും.

**ക്രിക്കറ്റ് ടൂർണമെന്റ് രൂപതാതലം**

ഇടവക, ഫൊറോനാതല യൂണിറ്റുകൾക്ക് ശക്തി പകരുക, യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി നടത്തുന്ന ക്രിക്കറ്റ് യൂത്ത്കപ്പ് ടൂർണമെന്റിന്റെ രൂപതാതലമത്സരം 2022 മെയ് 14 ന് കാഞ്ഞിരപ്പള്ളി കേന്ദ്രീകൃതമായി നടത്തപ്പെടുന്നതാണ്. ഫൊറോനായിൽ നിന്നും മത്സരിച്ചു ജയിച്ചു വരുന്ന ഒരു ടീമിനോ മത്സരങ്ങൾക്കു ശേഷം ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുന്ന ബെസ്റ്റ് ഇലവൺ ആയിരിക്കും രൂപതയിൽ മത്സരിക്കാൻ അവസരം ലഭിക്കുക.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| ഏപ്രിൽ 30, മെയ് 1,2 (ശനി-തിങ്കൾ) | - | നിർമ്മല റിന്യൂവൽ സെന്റർ, (N.R.C) പൊടിമറ്റം. |
| മെയ് 14,15,16 (ശനി-തിങ്കൾ) | - | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C) അണക്കര. |

ഏപ്രിൽ, മെയ് മാസങ്ങളിലെ വിവാഹ ഒരുക്ക ധ്യാനം താമസിച്ചുള്ളതല്ല; പകൽ സമയമായിരിക്കും ക്ലാസ്സുകൾ ഉള്ളത്. താമസസൗകര്യം ആവശ്യമുള്ള ഏതാനും പേർക്ക് അത് നൽകുന്നതാണ്. ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കുകയും 250 രൂപ അധികമായി അടയ്ക്കുകയും ചെയ്യണം. സാമൂഹിക അകലം പാലിക്കണമെന്നതിനാൽ പങ്കെടുക്കാവുന്ന ആളുകളുടെ എണ്ണം കുറച്ചിരിക്കുകയാണ്. അതിനാൽ അഡ്വാൻസ് തുക അടച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്ക് മാത്രമേ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കൂ.

രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ: 9497096431.

**വിശ്വാസാക്ഷരങ്ങൾ : പദപ്രശ്നം**

വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യങ്ങളും ലളിതമായി പഠിക്കുന്നതിനായി കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് ഒരുക്കുന്ന വിശ്വാസ കുടുംബം പരിപാടിയുടെ ഭാഗമായുള്ള പദപ്രശ്ന മത്സരം തുടരുന്നു.

**പദപ്രശ്നം വിജയികൾ**

പദപ്രശ്നം 11

: ബോസ്കി അഗസ്റ്റിൻ മണിമലക്കുന്നേൽ, കുമളി

പ്രോത്സാഹന സമ്മാനങ്ങൾ :

ലിസി ടോമി പുത്തൻവീട്ടിൽ, കിഴക്കേമാട്ടുക്കട്ട

സജി കുര്യൻ ശൗര്യാംകുഴിയിൽ, കാരികുളം

പദപ്രശ്നം 12

ജിലു ജോമോൻ, കുരീക്കാട്ടുകുന്നേൽ , വെള്ളാരംകുന്ന്

പ്രോത്സാഹന സമ്മാനങ്ങൾ :

ജാൻസി ബിജു, കണിയാന്തറ, വലിയതോവാള

ജാൻസി ജോസഫ്, വാലുമ്മേൽ, വണ്ടൻമേട്

പദപ്രശ്നം 13

വൽസമ്മ ആന്റണി പെരുംതോട്ടത്തിൽ, മുണ്ടക്കയം

പ്രോത്സാഹന സമ്മാനങ്ങൾ :

ഷിജി സുമേഷ് കാരയ്ക്കാട്ട്, നസ്രാണിപുരം

സാലി ചെറിയാൻ വാറ്റുകാട്ടിൽ, താമരക്കുന്ന്

പദപ്രശ്നം 14

ഡെയ്സമ്മ മാത്യു കരിയിലക്കുളം, കൊച്ചുതോവാള

പ്രോത്സാഹന സമ്മാനങ്ങൾ :

ജിൻസി എബ്രഹാം പാറയിൽ, പുത്തൻകൊരട്ടി

ആൻസി എബ്രഹാം തെക്കേക്കുറ്റ്, മുണ്ടിയെരുമ

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**ജിയന്ന തീർത്ഥാടനം**

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. ജിയന്ന ബെരേറ്റ മൊളയുടെ തിരുനാളിനോടനുബന്ധിച്ച് ചോറ്റുപാറ വി. ജിയന്ന പള്ളിയിലേക്ക് ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച തീർത്ഥാടനം നടത്തി.കോവിഡിന്റെ പശ്ചാത്തലത്തിൽ മാതൃവേദി ഫൊറോനാ ഭാരവാഹികൾ മാത്രമാണ് ഇത്തവണ തീർത്ഥാടനത്തിൽ പങ്കെടുത്തത്. ജപമാലയ്ക്കും ആരാധനയ്ക്കും ശേഷം വിശുദ്ധ കുർബാനയും വിശുദ്ധ ജിയന്നായോടുള്ള മധ്യസ്ഥപ്രാർത്ഥനയും തിരുശേഷിപ്പ് വണക്കവും നടത്തപ്പെട്ടു. സ്നേഹവിരുന്നോടെ തീർത്ഥാടനം സമാപിച്ചു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ അമ്പതുനോമ്പാചരണം ആത്മീയമായി ആവേ മരിയാ പ്രാർത്ഥനാലയം കേന്ദ്രീകരിച്ച് നടത്തി. ഏപ്രിൽ 1-ാം തീയതി ആദ്യ വെള്ളിയാഴ്ച പഴയകൊരട്ടി സെന്റ് മേരീസ് പള്ളിയിൽ ഫാ. ജോഷി വാണിയപ്പുരയ്ക്കൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി സബ്സോൺ ഏപ്രിൽ മാസത്തെ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. കുമ്പസാരിക്കാൻ പ്രത്യേകം സൗകര്യം നൽകിയിരുന്നു. ജപമാല ശുശ്രൂഷ, കുരിശിന്റെ വഴി പ്രാർത്ഥന, ദിവ്യ കാരുണ്യ ആരാധന, വിശുദ്ധ കുർബാന, വചനസന്ദേശം എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു.

**നാൽപതാം വെള്ളി ആചരണം**

പഴയകൊരട്ടി സെന്റ് മേരീസ് പള്ളിയിലേയ്ക്ക് 08-04-2022 ൽ ഉറുമ്പിൽ പാലത്തിങ്കലെ കുരിശടിയിൽ നിന്നും കുരിശിന്റെ വഴി പ്രാർത്ഥന കരിസ്മാറ്റിക് നേതൃത്വത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ഇതിന് മുന്നോടിയായി നടത്തിയ മലയാറ്റൂർ ജാഗരണ പ്രാർത്ഥനയിൽ സോണിൽ നിന്നും പ്രതിനിധികൾ സംബന്ധിച്ചു. കൂടാതെ എല്ലാ വെള്ളിയാഴ്ചകളിലും വചനപ്രഘോഷണവും മറ്റു ശുശ്രൂഷകളും സോൺ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**മധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രി**

മധ്യസ്ഥപ്രാർത്ഥനാ സെൻട്രൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും നടത്തിവരുന്ന പ്രാർത്ഥനയ്ക്ക് സബ്സോൺ തലത്തിൽ വിവിധ ശുശ്രൂഷകൾക്ക്

നേതൃത്വം നൽകി വരുന്നു. CNSC ദേശീയ പ്രതിവാര പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥന ഞായറാഴ്ച ശുശ്രൂഷകളിൽ സോണിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തുവരുന്നു. എല്ലാ ദിവസവും പ്രത്യേക നിയോഗങ്ങൾ വാട്ട്സാപ്പ് ഗ്രൂപ്പ്വഴി പ്രാർത്ഥിക്കുവാനായി നൽകുന്നുണ്ട്.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി**

എല്ലാ ബുധനാഴ്ചകളിലും ദമ്പതി സെൽ ഗ്രൂപ്പിൽ അംഗങ്ങൾ കൂടി പ്രാർത്ഥിച്ചുവരുന്നു.

**ക്രിസ്റ്റിൻ മിനിസ്ട്രി**

ഏപ്രിൽ 1 ന് വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക ആരാധന എമ്മാവൂസ് ടീമിന്റെ നേതൃത്വത്തിൽ നടത്തി. അവധിക്കാല ക്രിസ്റ്റീൻ കുടുംബധ്യാനങ്ങൾ നടത്തപ്പെടുന്നുണ്ട്. 'വചനദീപ്തി' – വചനം മനഃപാഠമാക്കുക - പ്രോഗ്രാം മുടങ്ങാതെ നടത്തപ്പെടുന്നു.

**തൂവാനിസ മിനിസ്ട്രി**

എല്ലാ ദിവസവും ആനിമേറ്ററച്ചന്റെ പ്രാർത്ഥനാസന്ദേശം ഗ്രൂപ്പിൽ കൊടുക്കുന്നുണ്ട്. ജപമാല, കരുണക്കൊന്ത ശുശ്രൂഷകൾ തുടരുന്നു. കൂടാതെ ഈ മാസം ദൈവകരുണയുടെ നൊവേന പ്രത്യേകം ചൊല്ലുന്നുണ്ട്.

**LSS പ്രോഗ്രാം**

മാസത്തിലെ രണ്ടും നാലും ചൊവ്വാഴ്ചകളിൽ പൊതുമീറ്റിംഗ് നടത്തിവരുന്നു. 26-04-2022 ൽ LSS സോണൽ സന്ദർശനം എമ്മാവൂസ് ടീമിന്റെ നേതൃത്വത്തിൽ നടത്തി.

**ഫാമിലി മിഷൻ**

ഫാമിലി മിഷൻ കാഞ്ഞിരപ്പള്ളി സോണിൽ എല്ലാദിവസവും പ്രത്യേക പ്രാർത്ഥനകൾ കുടുംബാംഗങ്ങൾ കൂടി ഫാമിലി മിഷൻ മീഡിയായിൽ നൽകി വരുന്നു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

ഏപ്രിൽ

7 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് തിയോളജിയൻസുമായി കോൺഫറൻസ് നടത്തി.

8 മൈനർ ഓർഡേഴ്സ് സ്വീകരിക്കുന്നവരുടെ ധ്യാനം ബഹു. തോമസ് പൂവത്താനിക്കുന്നേലച്ചൻ നടത്തി.

9 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് കാറോയ, ഹെവ്പദ്യാക്കോന, മ്ശംശാന എന്നീ പട്ടങ്ങൾ നൽകി. അഭിവന്ദ്യ പിതാവ് ഡീക്കന്മാരുടെ മാതാപിതാക്കളെ കാണുകയും ഫിലോസഫിക്കാരുമായും മറ്റു ബ്രദേഴ്സുമായും കോൺഫറൻസ് നടത്തുകയും ചെയ്തു.


10 പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന ഓശാന ഞായർ തിരുക്കർമ്മങ്ങളിൽ ബ്രദേഴ്സ് സംബന്ധിച്ചു.

24 പുതുഞായറിനോട് അനുബന്ധിച്ച് പെരിയ ബഹു. റെക്ടർ ജോൺ പനച്ചിക്കൽ പരി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

## ദൈവവിളി ക്യാമ്പ്

ദൈവവിളി ക്യാമ്പ് മെയ് 2, 3, 4 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. പത്താംക്ലാസിനു മുകളിൽ വിദ്യാഭ്യാസയോഗ്യതയും ദൈവവിളിയോട് ആഭിമുഖ്യവുമുള്ളവരെ ക്യാമ്പിലേക്ക് വികാരിയച്ചന്മാർ അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.




# വൊക്കേഷൻ ബ്യൂറോ

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2022 മെയ് 2,3,4 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു.

പത്താം ക്ലാസ്സിനു മുകളിൽ പഠനമുള്ള ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി ക്യാമ്പിലേക്ക് അയയ്ക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ.

മെയ് രണ്ടാം തീയതി ഉച്ചകഴിഞ്ഞു 3 മണിക്ക് ദൈവവിളി ക്യാമ്പ് ആരംഭിച്ച് നാലാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കുന്നതാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഏപ്രിൽ 2-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവൻഷൻ നടത്തി. ഫാ. റോബിൻസ് മറ്റത്തിൽ, ഫാ. തോമസ് അറയ്ക്കൽ, ഫാ. ചാക്കോച്ചൻ കളപ്പുരയിൽ, ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാഭിഷേകം പീഡാനുഭവ ബൈബിൾ കൺവെൻഷൻ**

ഏപ്രിൽ 10-ാം തീയതി ഓശാന ഞായറാഴ്ച മുതൽ 13-ാം തീയതി വലിയ ബുധനാഴ്ച വരെ കൃപാഭിഷേകം പീഡാനുഭവബൈബിൾ കൺവെൻഷൻ ഓൺലൈനായി നടത്തി. ധ്യാനകേന്ദ്രത്തിൽ നേരിട്ട് വന്ന് പങ്കെടുക്കുന്നതിനും അവസരം നൽകി. കൺവൻഷന്റെ നാലു ദിവസങ്ങളിലും വൈകുന്നേരം 4 മണിമുതൽ രാത്രി 9.30 വരെ നടന്ന ശുശ്രൂഷകളിൽ ജപമാല പ്രാർത്ഥനയും കുരിശിന്റെ വഴി പ്രാർത്ഥനയും വിശുദ്ധ കുർബാനയും വചനപ്രഘോഷണവും വിടുതലിന്റെയും സൗഖ്യത്തിന്റെയും ദിവ്യകാരുണ്യ ആരാധനയും നടന്നു. ബഹുമാനപ്പെട്ട ഡൊമിനിക് അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ലിജു കീറ്റിക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ഏപ്രിൽ മാസം 3-ാം തീയതി ഞായറാഴ്ച മുതൽ 8-ാം തീയതി

വെള്ളിയാഴ്ച വരെയും, ഏപ്രിൽ മാസം 17–ാം തീയതി ഞായറാഴ്ച മുതൽ 22–ാം തീയതി വെള്ളിയാഴ്ച വരെയും, ഏപ്രിൽ മാസം 26–ാം തീയതി ചൊവ്വാഴ്ച മുതൽ 29–ാം തീയതി വെള്ളിയാഴ്ച വരെയും (for students 9th to 12th standard), ഏപ്രിൽ മാസം 30–ാം തീയതി ശനിയാഴ്ച മുതൽ മെയ് മാസം 5–ാം തീയതി വ്യാഴാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനം നടത്തി.

ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ലിജു കീറ്റിക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുരയ്ക്കൽ, റവ. ഫാ. നൈസൺ, ബ്രദർ ജെയ്സൻ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ സഹായിച്ചു.

### കൃപാഭിഷേകം ഇടവകധ്യാനം, ചെല്ലാർകോവിൽ

ഏപ്രിൽ മാസം 7–ാം തീയതി വ്യാഴാഴ്ച മുതൽ 9–ാം തീയതി ബുധനാഴ്ച വരെ കാഞ്ഞിരപ്പള്ളിരൂപതയിലെ ചെല്ലാർകോവിൽ മാർ സ്ലീവ ഇടവക ദൈവാലയത്തിൽ വച്ച് കൃപാനുഭവ ധ്യാനം നടത്തി. എല്ലാ ദിവസവും 4.30 pm മുതൽ 9.30 pm വരെ നടന്ന ശുശ്രൂഷകളിൽ ബഹുമാനപ്പെട്ട ഡോമിനിക്ക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൻ, ബ്രദർ സരിൻ, ബ്രദർ അനിത്ത് എന്നിവർ സഹായിച്ചു.

### കൃപാബാല്യം രണ്ടാം ശനി കൺവെൻഷൻ

ഏപ്രിൽ മാസം 9–ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ കുട്ടികൾക്കായി കൃപാബാല്യം കൺവെൻഷൻ നടത്തി.

### കൃപാനുഭവ ഏകദിന കൺവെൻഷൻ for youth (St. Thomas Church, Kumily)

ഏപ്രിൽ മാസം 16–ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ കുമളി സെന്റ് തോമസ് ഇടവക

ദൈവാലയത്തിൽ വച്ച് യുവജനങ്ങൾക്കായി ഏകദിന കൺവെൻഷൻ നടത്തി.

**അഖണ്ഡജപമാല (ദൈവകരുണയുടെ തിരുനാൾ)**

ദൈവകരുണയുടെ തിരുനാളിനോടനുബന്ധിച്ച് ഏപ്രിൽ മാസം 21 വ്യാഴാഴ്ച രാവിലെ 6 മണി മുതൽ 24 ഞായറാഴ്ച വൈകിട്ട് 6 മണി വരെ അഖണ്ഡജപമാല നടത്തി. 24-ാം തീയതി ഞായറാഴ്ച 2 pm ന് ദൈവകരുണയ്ക്കായുള്ള ദിവ്യകാരുണ്യ ആരാധന നടത്തുകയും, തുടർന്ന് പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

ഏപ്രിൽ മാസം 9, 23, 30 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ലിജു കീറ്റിക്കൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**Healing and Deliverance Prayer**

ഏപ്രിൽ മാസം 13-ാം തീയതി ബഹു. ഡോമിനിക് അച്ചൻ ഏകദിന ശുശ്രൂഷകൾ നടത്തി.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാസഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ : 04868253300, 9656141917

**Grace Anointing**

Shalom International TV യുടെ SW prayer ചാനലിലൂടെ ബഹുമാനപ്പെട്ട ഡോമിനിക് വാളന്മനാൽ അച്ചൻ Grace Anointing എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ ശനിയാഴ്ചകളിലും നടത്തപ്പെടുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡോമിനിക് വാള ന്മനാൽ അച്ചൻ FrDominicValanmanal എന്ന യുട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**


എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1.30 നും തിങ്കൾ വൈകിട്ട് 5 മണിക്കും വ്യാഴം രാവിലെ 6.30 നും കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6.30 നും ചൊവ്വാഴ്ച രാവിലെ 6.30 നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരുംമാസങ്ങളിൽ നടക്കുന്ന കൃപാനുഭവധ്യാനങ്ങൾ**

1. മെയ് മാസം 8-ാം തീയതി മുതൽ 13-ാം തീയതി വരെ
2. മെയ് മാസം 22-ാം തീയതി മുതൽ 27-ാം തീയതി വരെ (For sisters)

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- മാർച്ച് 26 ന് ലോനന്ദ് സെന്റ് ആൻസ് സ്കൂളിലെയും മൗണ്ട് കാർമൽ സ്കൂളിലെയും അദ്ധ്യാപകർക്കായി കൗൺസിലിങ് കോഴ്സ് ആരംഭിച്ചു. ക്ലാസ് നയിച്ചത് ബഹു. ഫാ. ജോഷി സി. എം.ഐ. (ക്ലിനിക്കൽ സൈക്കോജിസ്റ്റ്)
- മാർച്ച് 28- ന് അമലാ പ്രോവിൻസിലെ ഏയ്ഞ്ചൽവാലി, ഉമിക്കുപ്പ സ്കൂളുകളിലെ അധ്യാപകർക്കായി കൗൺസിലിങ് സർട്ടിഫിക്കറ്റ് കോഴ്സ് സി. ഡോ. ആനി മരിയായുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.
- മാർച്ച് 31-ാംതീയതി കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഡെയ്സ് മരിയ സി. എം.സി സർവീസിൽ നിന്നും വിരമിച്ചു. സിസ്റ്ററിന് എല്ലാ ആശംസകളും നേരുന്നു.
- മാർച്ച് 31-ാംതീയതി കാഞ്ഞിരപ്പള്ളി രൂപതയിലെ ബ്രദേഴ്സ് പൊടിമറ്റം നിർമല റിന്യൂവൽ സെന്ററിൽ നടത്തിയ വർക്ക് ക്യാമ്പ് പ്രൊവിൻഷ്യൽ സുപ്പിരീയർ സി. എലിസബത്ത് സാലിയും ടീമും സന്ദർശിച്ചു. പ്രൊവിൻഷ്യലമ്മ സന്ദേശം നൽകി.
- മാർച്ച് 31-ാം തീയതി പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് മാതൃദീപ്തി സംഘടിപ്പിച്ച 80 വയസ്സിനു മുകളിലുള്ളവരുടെ സംഗമത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- മാർച്ച് 31-ാം തീയതി പത്തനംതിട്ട സ്കൂളിലെ അധ്യാപ

കർക്കായി കൗൺസിലിങ് സർട്ടിഫിക്കറ്റ് കോഴ്സ് സി. ഡോ. ആനി മരിയായുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 40-ഓളം അധ്യാപകർ പങ്കെടുത്തു.

- 3 മുതൽ 9 വരെ തീയതികളിൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽവച്ച് പുതിയതായി തെരഞ്ഞടുക്കപ്പെട്ട സുപ്പിരീയേഴ്സിനായി ബഹു. ഫാദർ അലക്സ് സി.എസ്.എസ്.ആർ ധ്യാനം നടത്തി. മുപ്പത്തിമൂന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഫാ. ജെബിൻ എം.സി.ബി.എസിന്റെ നേതൃത്വത്തിൽ ഏപ്രിൽ 3 മുതൽ 9 വരെ ചാമംപതാൽ നോവിഷ്യേറ്റ് ഹൗസിൽ വച്ച് നോവിസസ്സിന് ധ്യാനം നടത്തി.
- ഏപ്രിൽ 4 മുതൽ 6 വരെ വെളിച്ചിയാനി സൺഡേസ്കൂൾ കുട്ടികൾക്കായി (ഫയർ 2022) അമലാ പ്രോവിൻസ് ഫെയ്ത്ത് ഫോർമേഷൻ ടീം ധ്യാനം നടത്തി.
- റോമിൽ നടക്കാനിരിക്കുന്ന സിനഡിനൊരുക്കമായിട്ടുള്ള സിനഡാത്മകതയെക്കുറിച്ചുള്ള ജനറലേറ്റിൽ നിന്നുള്ള ഓറിയന്റേഷൻ ഓൺലൈൻ ക്ലാസ്സിൽ അമലാപ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു
- ഏപ്രിൽ 9-ാംതീയതി ബഹു. ലീനൂസ് സി.എം.സി. (പുളിങ്കുന്ന് കിഴക്കേവലിയവീട്ടിൽ) നിര്യാതയായി. സംസ്ക്കാരശുശ്രൂഷ 11-ാം തീയതി തിങ്കളാഴ്ച അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കത്തീഡ്രൽപള്ളി സെമിത്തേരിയിൽ നടത്തി.
- ഏപ്രിൽ 11-ാം തിയതി 6 മുതൽ 8 വരെ ഇടവക ഹോം മിഷന് ഉണർവുപകരാൻ സിസ്റ്റർ കൊച്ചുത്രേസ്യാ (പാലാ പ്രോവിൻസ്) നടത്തിയ ഓൺലൈൻ ക്ലാസ്സിൽ അമലാ പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു
- 13—ാം തിയതി ബുധനാഴ്ച ജൂണിയർ സിസ്റ്റേഴ്സ് സി. സിയ

ന്ന, സി. ഹെലന, സി. അഞ്ജു മരിയ, സി. മരിയ റെയ്ച്ചൽ, സി. സോഫിയ തെരേസ്. സി. അമൽ ജോസ്, സി. അന്നാ ഗ്രെയ്സ് , സി. ആൻ ലീമ റോസ്മി, സി. അൻസാ ഡോണ, സി. അമലാ റോസ് എന്നിവർ ചോറ്റി നിർമ്മലാരാം ആശ്രമത്തിലെ ഫാ. സിന്റോ നയിച്ച മൂന്നു ദിവസത്തെ ധ്യാനത്തിനു ശേഷം വ്രതനവീകരണം നടത്തി. അന്നേ ദിവസം രൂപതാ പ്രോക്കുറേറ്റർ ഫാ. ഫിലിപ്പ് തടത്തിൽ വിശുദ്ധ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു.

- 13–ാം തീയതി ബുധാഴ്ച സീറോമലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

- ഏപ്രിൽ 15–ന് നിത്യതയിലേക്ക് വിളിക്കപ്പെട്ട ഉദയപ്പൂർ മുൻ ബിഷപ്പ് ജോസഫ് പതാലിൽ പിതാവിന് കാഞ്ഞിരപ്പള്ളി അമലാ പ്രോവിൻസിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം സഹോദരി സി. ജയ്നായ്ക്കും സഹോദരപുത്രി സി. മേബിളിനും, സി.റോസ്ലറ്റിനും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

- ഏപ്രിൽ 17–ന് അമേരിക്കയിലെ സി.എം.സിയുടെ റീജനൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട് സ്ഥാനം ഏറ്റെടുത്ത സി.എം.സി അമലാപ്രോവിൻസിലെ സി. ആനി സെറിൻ സി.എം.സിക്ക് അമലാപ്രോവിൻസിന്റെ അഭിനന്ദനങ്ങൾ.

- ബഹു. ബോസ്ക്കോ അമ്മയുടെ 41–ാംചരമദിനം പാലമ്പ്ര ഗതസ്മേൻ ദൈവാലയത്തിൻ വച്ചു ആചരിച്ചു

- ഏപ്രിൽ 21–ാം തീയതി പൊടിമറ്റം പ്രൊവിൻഷ്യൽഹൗസിൽ വച്ചു കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ അജീന ജോസഫ് നടുവിലേടത്ത്, മരിയ എമ്മാനുവേൽ തടത്തിൽ, അനീറ്റ തോമസ് ഷാജി പ്ലാത്തോട്ടത്തിൽ എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനംനടത്തി.

- സി.എം.സി അമലാപ്രോവിൻസിന്റെ സോഷ്യൽവർക്ക് ഫണ്ടിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിനായി എട്ടു പേർക്കും വരുമാനദായകപദ്ധതിയിൽ ഒരാൾക്കും, വിവാഹത്തിനായി ഒരാൾക്കും ധനസഹായം നൽകി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ബി.റ്റി.എച്ച്. കോഴ്സിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന സിസ്റ്റേഴ്സിനായി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. റ്റോം ഓലിക്കരോട്ട് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ക്ലാസ്സെടുത്തു.
- മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കുന്ന സുപ്പീരിയേഴ്സിന്റെ സമ്മേളനം നടത്തി.
- റവ. സി. മരിയ മുകളേലിന്റെ 40-ാം ചരമദിനം സമുചിതമായി നടത്തി.
- ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് ചങ്ങനാശ്ശേരിയിൽ ഒരാഴ്ചത്തെ ധ്യാനത്തിൽ സംബന്ധിച്ചു.
- ജൂണിയേഴ്സ് ഡേ ആഘോഷിച്ചു.
- സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് ഒരുമാസത്തെ കോഴ്സിനായി കൊന്നക്കുഴിക്കുപോയി
- സി. ജോസ്മി ജോർജിന്റെ നിത്യവ്രതം ആലുവ ജനറലേറ്റിൽ വച്ചു നടത്തി.
- ചിന്നാർ ദൈവാലയ കൂദാശാകർമ്മത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- മെയ് 1 ന് പൊടിമറ്റത്തുവച്ചു നടക്കുന്ന രൂപതാ യുവജനസംഗമത്തിനൊരുക്കമായുള്ള വോളണ്ടിയേഴ്സ് മീറ്റിംഗിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- സി. റ്റെസി മരിയയുടെ നേതൃത്വത്തിൽ പൊൻകുന്നത്ത് ജയിൽ സന്ദർശിച്ച് അവർക്ക് സന്ദേശം നല്കുകയും ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

- റവ. സി. ക്ലാരിസ് ചളുക്കാട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.
- ഏലപ്പാറ ഇടവകയിൽ സി.എസ്.ഐ., പെന്തക്കോസ്ത് വിഭാഗങ്ങളിൽനിന്നും നമ്മുടെ സഭയിലേയ്ക്കുചേർന്ന് വിവാഹിതരാകാൻ ആഗ്രഹിച്ച രണ്ട് പെൺകുട്ടികളെ കൂദാശാസ്വീകരണത്തിനായി സിസ്റ്റേഴ്സ് ഒരുക്കി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- ഏപ്രിൽ 1 മുതൽ 4 വരെ കുന്നുംഭാഗം ഇടവകയിൽ ഹോം മിഷൻ നടത്തി.
- സെനക്കിളിൽ വച്ച് നടത്തപ്പെട്ട Vocation Promoters Meeting ൽ 3 സിസ്റ്റേഴ്സ് പങ്കെടുത്തു.
- സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി കുന്നുംഭാഗം ഗവൺമെന്റ് ഹോസ്പിറ്റലിൽ പ്രഭാതഭക്ഷണം വിതരണം ചെയ്തു.
- ഇടക്കുന്നം മേരിമാതാ പബ്ളിക് സ്കൂളിന്റെ വാർഷികാഘോഷത്തിലും കുട്ടിക്കാനം മരിയൻ കോളേജിന്റെ കോളേജ് ഡേ പ്രോഗ്രാമിലും ഈ വർഷം സർവ്വീസിൽ നിന്നും വിരമിച്ച സി. റോസ്മി വെട്ടിപ്ലാവിന്റെ യാത്രയയപ്പ് സമ്മേളനത്തിലും ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും പങ്കെടുത്തു.
- 3 ജൂണിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനത്തിലൂടെ തങ്ങളെത്തന്നെ ദിവ്യകാരുണ്യനാഥന് സമ്പൂർണ്ണ സമർപ്പണം നടത്തി.
- ആരാധനാ സന്യാസിനീസമൂഹത്തിന്റെ പ്രഥമ മദർ ജനറലായിരുന്ന മദർ മേരി ഇസ്പിരിത്ത് നിര്യാതയായി. വാഴപ്പള്ളിയിൽ നടത്തപ്പെട്ട അമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ പ്രൊവിൻഷ്യൽ ടീമും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സിസ്റ്റർ ഡോക്ടർ ജ്യോതിസ് ജയിംസിന്റെ നേതൃത്വത്തിൽ ഇടുക്കി മെഡിക്കൽ കോളേജിൽ വച്ച് നാഷണൽ റെസല്യൂഷൻ പ്രോഗ്രാം നടത്തി.
- MSW പഠന ഭാഗമായി സിസ്റ്റർ ആൻസ് മരിയ കട്ടപ്പനയിലെ വിവിധ അനാഥാലയങ്ങൾ സന്ദർശിച്ചു.
- ഇടവകകളിൽ നടന്ന ധ്യാനങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- Sisters നാല്പതാം വെള്ളി ആചാരണത്തിൽ പങ്കെടുത്തു.
- വിശുദ്ധവാരം ഭക്തി നിർഭരമായി ആചരിച്ചു.
- മലയാറ്റൂർ, എഴുകുംവയൽ കുരിശുമല എന്നിവിടങ്ങളിലേക്ക് സിസ്റ്റേഴ്സ് തീർത്ഥാടനം നടത്തി.
- കൂരിയബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ജനറലേറ്റ് സന്ദർശിച്ചു.
- ഉയിർപ്പ്തിരുനാൾ ഭക്തി സാന്ദ്രമായി ആഘോഷിച്ചു.
- അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവ് അമ്മംകുളം സാങ്താ മരിയ ഭവൻ സന്ദർശിച്ചു.
- ബഹുമാനപ്പെട്ട ഫാദർ ജോസഫ് തെക്കേവയലിന്റെ പൗരോഹിത്യ രജത ജൂബിലി കട്ടപ്പന ജനറലേറ്റിൽ ആഘോഷിച്ചു
- കട്ടപ്പന, ഇടവക തിരുനാൾ ആഘോഷത്തിൽ സിസ്റ്റേഴ്സ് സജീവമായി പങ്കുചേർന്നു.
- ഓഡിറ്റർ ജനറൽ സിസ്റ്റർ എൽസിറ്റ് ടോം, സിസ്റ്റർ ലില്ലി ട്രീസ എന്നിവർ ശാഖാ ഭവനങ്ങളിൽ ഓഡിറ്റിംഗ് നടത്തി.
- അണക്കര പി.ഒ.സി.യിൽ വച്ച് നടത്തിയ പ്രീ മാര്യേജ് കൗൺസിലിങ്ങിനു സിസ്റ്റർ ലീമ സെബാസ്റ്റ്യൻ പങ്കെടുത്തു.

- 2022 ഏപ്രിൽ 28 ന് കാഞ്ഞിരപ്പള്ളി രൂപത മാതൃദീപ്തിയുടെ നേതൃത്വത്തിൽ ജിയന്ന പുണ്യവതിയുടെ ചോറ്റുപാറയിലുള്ള തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ, സിസ്റ്റർ ലീമ സെബാസ്റ്റ്യൻ പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- മിനി സിനാക്സിസിന്റെ അവസാനഘട്ട സമ്മേളനം കൂവപ്പള്ളിയിൽ വച്ച് നടത്തപ്പെട്ടു.
- കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ട ബഹുമാനപ്പെട്ട റോയി പഴേപറമ്പിൽ അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മേരി ഫിലിപ്പ് പങ്കെടുത്തു.
- ഫിലിപ്പീയൻസിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ PhD ചെയ്യുന്ന സിസ്റ്റർ അന്നാ മരിയയുടെ ഡോക്ടറൽ ഡിഫൻസ് വിജയകരമായി പൂർത്തിയാക്കി.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ മേരി ഫിലിപ്പും ടീമംഗങ്ങളും തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ കബറിടവും ജന്മഗൃഹവും സന്ദർശിച്ചു പ്രാർത്ഥിച്ചു.
- തങ്ങളുടെ സമർപ്പിത ജീവിതത്തിന്റെ അമ്പതാം ജൂബിലി ആഘോഷിക്കുന്ന സഹോദരിമാർ ജൂബിലി കോഴ്സിനായി പ്രൊവിൻഷ്യൽ ഹൗസിൽ എത്തിച്ചേർന്നു.
- അഭിവന്ദ്യ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും, ദിവ്യബലി അർപ്പിക്കുകയും കാനൻലോയിൽ ഡോക്ടറേറ്റ് നേടിയ സിസ്റ്റർ മേരിലിറ്റിനെയും, ക്ലിനിക്കൽ സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ സിസ്റ്റർ അന്നാ മരിയയെയും, എം.ബി.ബി.എസ്. പഠനം വിജയകരമായി പൂർത്തിയാക്കിയ

സിസ്റ്റർ ലിസ് ജോയെയും അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

- വിശുദ്ധ വാരം സമുചിതമായി ആഘോഷിച്ചു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സന്യാസ ജീവിതത്തിന്റെ അമ്പതാം ജൂബിലി ആഘോഷിക്കുന്ന സഹോദരിമാർക്കുവേണ്ടി കൃതജ്ഞതാബലിയർപ്പിക്കുകയും, സന്ദേശം നൽകുകയും, ആശംസകൾ അറിയിക്കുകയും ചെയ്തു.
- ആനക്കല്ല്, കൽത്തൊട്ടി എന്നീ ഇടവകകളിൽ ഉണർവ് എന്ന ഏകദിന പ്രോഗ്രാം സുവിശേഷവൽക്കരണത്തിന്റെ കൗൺസില റായ സിസ്റ്റർ അൻസാ തുണ്ടിയിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.
- സി. സിൽവിയുടെ നേതൃത്വത്തിൽ തേർഡ് ക്യാമ്പ് ഇടവകയിൽ വാർഷിക ധ്യാനം നടത്തി.

## സ്നേഹസ്മരണയ്ക്ക്



**സി. ക്ലാരിസ്** FCC
**ചളുക്കാട്**

ജനനം : 02-04-1942
ആദ്യവ്രതം : 05-04-1962
നിത്യവ്രതം : 30-05-1965
മരണം : 25-04-2022



**സി. ലിനുസ്** CMC
**പുളിങ്കുന്ന് കിഴക്കേവെലിയവീട്ടിൽ**

ജനനം : 15-04-1941
ആദ്യവ്രതം : 20-04-1961
നിത്യവ്രതം : 19-05-1964
മരണം : 09-04-2022



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- നിത്യവ്രതത്തിന് ഒരുക്കമായിട്ട് 19 M.C.B.S. ബ്രദേഴ്സിന്റെ ആറ് ദിവസത്തെ ധ്യാനം.
- ഇടുക്കി മങ്കടവ് ആശ്രമത്തിലെ 5 ആശ്രമസന്യാസിനികളുടെ നാല് ദിവസത്തെ ധ്യാനം.
- മൂന്നു വൈദികരുടെ ഒരാഴ്ചത്തെ ധ്യാനം.
- ഒരു കുടുംബത്തിന്റെ മൂന്നു ദിവസത്തെ ധ്യാനം.
- ഒരു സന്യാസവൈദികൻ Post Doctoral ഗവേഷണത്തിന് മൂന്ന് ആഴ്ചകൾ ഇവിടെ ചിലവിട്ടു.

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

ലോക ആസ്മ ദിനത്തോടനുബന്ധിച്ച് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ പൾമണോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ശ്വാസകോശരോഗ പരിശോധന ക്യാമ്പ് 2022 മെയ് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 വരെ നടത്തപ്പെടും. ക്യാമ്പിൽ ഡോക്ടർ കൺസൾട്ടേഷൻ, രജിസ്ട്രേഷൻ, PFT(Pulmonory Function Test) പരിശോധന എന്നിവ സൗജന്യമായിരിക്കും. ചുമ, ശ്വാസംമുട്ട്, കഫക്കെട്ട്, നടക്കുമ്പോഴുള്ള അണപ്പ്, രക്തം തുപ്പൽ, അലർജി, കോവിഡിന് ശേഷമുള്ള അസുഖങ്ങൾ തുടങ്ങി മറ്റ് ശ്വാസകോശ രോഗങ്ങൾക്കും ഡോക്ടറുടെ സേവനം ലഭ്യമാണ്. ക്യാമ്പിന് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ പൾമാണോളജിസ്റ്റ് ഡോ. ജോൺ മാത്യു നേതൃത്വം നൽകും.ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് ആയിരിക്കും ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

രജിസ്റ്റർ ചെയ്യുവാൻ വിളിക്കുക: 9446462400, 2500

**ഹോസ്പിറ്റൽ ദിനാചരണവും ലാമ്പ് ലൈറ്റിംഗും**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ദിനാചരണവും 2021-2022 ജനറൽ നേഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സിലെ കുട്ടികളുടെ ലാമ്പ് ലൈറ്റിംഗും 2022 മെയ് ഏഴാം തീയതി ശനിയാഴ്ച നടത്തപ്പെടും. സ്റ്റാഫിന്റെയും സ്റ്റുഡൻസിന്റെയും കുടുംബാംഗങ്ങൾ പങ്കെടുക്കും. എം.എം.ടി. ഹോസ്പിറ്റൽ സൊസൈറ്റിയുടെ പ്രസിഡന്റ് റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ മുഖ്യാതിഥിയായിരിക്കും.

## ആരോഗ്യ ദർശകൻ

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലും ആരോഗ്യ ദർശകനും സംയുക്തമായി നടത്തുന്ന ആരോഗ്യ ദർശകൻ എന്ന പരിപാടിയിൽ ഏപ്രിൽ 7-ാം തീയതി ലോക ആരോഗ്യ ദിനത്തോടനുബന്ധിച്ച് കാലാവസ്ഥാവ്യതിയാനവും ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ ഡോ. ക്രിസ്റ്റി മരിയ രോഗികളുടെ സംശയങ്ങൾക്ക് ഫോണിൽ മറുപടി നൽകി. ഏപ്രിൽ 21—ാം തീയതി സ്ത്രീകളിലെ വിവിധ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള സംശയങ്ങൾക്ക് ഡോ. ദിവ്യ ബി മറുപടി നൽകി. ലോകആസ്മ ദിനത്തോടനുബന്ധിച്ച് ഏപ്രിൽ 28-ാം തീയതി ശ്വാസകോശ രോഗങ്ങളെ കുറിച്ചുള്ള സംശയങ്ങൾക്ക് ഡോ. ജോൺ മാത്യു മറുപടി നൽകി.

## സ്റ്റാഫിന് ട്രെയിനിങ് ക്ലാസ് സംഘടിപ്പിച്ചു

Personal Growth workshop programme 2022 ഏപ്രിൽ 22, 23 തീയതികളിൽ ഉച്ചകഴിഞ്ഞ് 5 മുതൽ 9 വരെ ഹോസ്പിറ്റലിൽ വെച്ച് നടത്തപ്പെട്ടു. റവ. ഫാ. സെബാസ്റ്റ്യൻ വട്ടത്തറ നേതൃത്വം നൽകിയ ക്ലാസ്സിൽ 2 ദിവസങ്ങളിലായി 40 പേർ പങ്കെടുത്തു.

## കോൺവെന്റ് വെഞ്ചരിപ്പ്

ഹോസ്പിറ്റലിലെ നവീകരിച്ച കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം 2022 ഏപ്രിൽ 27 ബുധനാഴ്ച രാവിലെ 8 മണിക്ക് മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. രാത്രി ഏഴുമണിക്ക് നടന്ന സ്നേഹ കൂട്ടായ്മയിൽ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് സിസ്റ്റേഴ്സ് എന്നിവർ പങ്കെടുത്തു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപത, ഫൊറോന, ഇടവക തിരഞ്ഞെടുപ്പ് പൂർത്തിയായി. വെളിച്ചിയാനി, കാഞ്ഞിരപ്പള്ളി, പൊൻകുന്നം എന്നീ ഫൊറോനകളിൽ ഫൊറോന സമിതി നിലവിൽ വന്നു. നേതൃത്വം നൽകിയ ഫൊറോനാ വികാരിമാർക്ക് നന്ദി.
- ഡി.സി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. വിൻസെന്റ് ആന്റണി ആനിക്കാടിന് അഭിനന്ദനങ്ങൾ.
- ഡി.സി.എം.എസ്. കാഞ്ഞിരപ്പള്ളി രൂപത എക്സിക്യൂട്ടീവ് ഏപ്രിൽ 2-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് നടത്തി.
- ഡി.സി.എം.എസ്. സ്ഥാപക പ്രസിഡന്റ് ശ്രീ. മർക്കോസ് സാറിന്റെ ഓർമ്മകുർബാനയിലും അനുസ്മരണാസമ്മേളനത്തിലും കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും ഡയറക്ടറും പ്രസിഡന്റും പങ്കെടുത്തു.
- ഡി.സി.എം.എസ്. സംസ്ഥാന സമിതിയുടെ സത്യപ്രതിജ്ഞയും സ്ഥാനം ഏറ്റെടുക്കലും കോട്ടയത്ത് നല്ലിടയൻ പാരീഷ് ഹാളിൽ വച്ച് നടത്തി. രൂപതയിൽ നിന്നും ഡയറക്ടറും പ്രസിഡന്റും പങ്കെടുത്തു. K .C.B.C., SC, ST/BC ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് പ്രോഗ്രാമിന് നേതൃത്വം നൽകി. തദവസരത്തിൽ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ദളിത് പ്രശ്നം പാർല

മെന്റിൽ അവതരിപ്പിച്ച കോട്ടയം ലോക്സഭ എം.പി. ശ്രീ. തോമസ് ചാഴികാടനെ യോഗം ആദരിച്ചു.

- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. കൗൺസിലിന്റെയും വെളിച്ചിയാനി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി ഫൊറോന കൗൺസിലിന്റേയും സംയുക്താഭിമുഖ്യത്തിൽ 24-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കൂവപ്പള്ളി കുരിശുമലകയറ്റം നടത്തി.
- കൂവപ്പള്ളി കുരിശുമലകയറ്റത്തിന് ശേഷം പ്രാർത്ഥനയോടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാകൗൺസിൽ അംഗങ്ങളും ഫൊറോനാ കൗൺസിലംഗങ്ങളും സത്യപ്രതിജ്ഞ നടത്തി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ രൂപതാതലത്തിൽ ആണ്ടു തോറും നടത്തിവന്നിരുന്ന നാല്പതാംവെള്ളി ആചരണം ഈ വർഷവും നടത്തി. ചോറ്റി നിർമ്മലാരാം ജംഗ്ഷനിലുള്ള കുരിശടി യിൽ നിന്ന് സ്ലീവാപാത ആരംഭിച്ച് നിർമ്മലാരാം ആശ്രമദൈവാലയ ത്തിൽ സമാപിച്ചു. രാവിലെ 9.30 ന് ആരംഭിച്ച സ്ലീവാപാത 11 മണി ക്കാണ് ആശ്രമം ദൈവാലയത്തിൽ എത്തിയത്. ആശ്രമദൈവാലയ ത്തിൽ റെക്ടർ റവ. ഫാ. സിന്റോ തുരുത്തേൽ OFM (Conv) ദിവ്യബലി അർപ്പിച്ചു. റവ. ഫാ. പീറ്റർ കണ്ണമ്പുഴ OFM (Conv) പീഡാനുഭവസ ന്ദേശം നൽകി.

രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി ധാരാളം ഭക്തജ നങ്ങൾ പങ്കെടുത്തിരുന്നു. നേർച്ചകഞ്ഞി വിതരണവും നടത്തി.

പീഡാനുഭവങ്ങൾക്കുശേഷം ഉള്ള ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് സംസാരിച്ചിരുന്നു.

രൂപതാതലത്തിലുള്ള ദ്വിമാസയോഗം മെയ് മാസം രണ്ടാം ഞായറാഴ്ചയായ 8–ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്റ റിലുള്ള ഓഫീസിൽ കൂടുന്നതാണ്. എല്ലാ ഭാതൃത്വ പ്രതിനിധികളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കെ.ആർ.സിസിയുടെ ആഹ്വാനപ്രകാരം വനിതാ അംഗങ്ങൾക്കായി നടത്തപ്പെട്ട നോമ്പുകാല കുരിശിന്റെ വഴിയിൽ ക്രമപ്രകാരം നമ്മുടെ സിസിയിലും നടത്തി. വനിതാ അംഗങ്ങൾ പങ്കെടുത്തു.

ലോ-റേഞ്ചിലെ കോൺഫ്രൻസ് പ്രസിഡന്റുമാരുടെ യോഗം പൊതുവായി വിളിച്ചു ചേർക്കുന്നില്ലാത്തതിനാൽ എസികൾ ത്രൈമാസമീറ്റിംഗുകളോ, കൗൺസിലുകളോ കൂടുമ്പോൾ അവ മുൻകൂട്ടി സിസിയിൽ അറിയിക്കേണ്ടതും, പ്രസ്തുത യോഗങ്ങളിൽ സിസി പ്രസിഡന്റോ, സിസി പ്രതിനിധികളോ പങ്കെടുത്ത് കാര്യങ്ങൾ വിശദമാക്കുന്നതാണ്.

2022 ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച ഹൈറേഞ്ച് ഏരിയായിലെ കോൺഫ്രൻസ് പ്രസിഡന്റുമാരുടെയും, ജൂണിയർ കോൺഫ്രൻസ് ഡയറക്ടർമാരുടെയും യോഗം കട്ടപ്പന സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. ഹൈറേഞ്ച് മേഖലാ കോർഡിനേറ്റർ ബ്രദർ ജോർജ്ജ് സി.വി. ചക്കാലയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. പ്രാരംഭപ്രാർത്ഥന റവ. സി. ലില്ലി ട്രീസയും ജ്ഞാനവായന ബ്രദർ മാന്നാനം പ്രേംദാസും നടത്തി. കട്ടപ്പന കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ അഡ്വ.ജോസഫ് കാവുങ്കൽ സ്വാഗതം ആശംസിച്ചു. ബ്രദർ സി.വി. ചക്കാല അദ്ധ്യക്ഷപ്രസംഗം നടത്തി. കട്ടപ്പന സെന്റ് ജോർജ്ജ് അസി. വികാരി റവ. ഫാ. സുനിൽ ചെറുശ്ശേരിൽ യോഗം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ

പ്രസിഡന്റ് ബ്രദർ എം.എം.ജോർജ്ജ് ടിന്നേജ് സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദീകരിക്കുകയും കോവിഡ് കാലയളവിൽ ഉണ്ടായിട്ടുള്ള പ്രവർത്തന മാന്ദ്യം മാറ്റി എല്ലാ കോൺഫ്രൻസുകളും സജീവമായി പ്രവർത്തനം തുടരണമെന്നും ആഹ്വാനം ചെയ്തു. സി.സി. സെക്രട്ടറി ബ്രദർ എം.ജെ.ജോസഫ് ടിന്നേജ് വിതരണം സംബന്ധിച്ച് കോൺഫ്രൻസുകൾ ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കി സംസാരിച്ചു. തുടർന്ന് അണക്കര എസി പ്രസിഡന്റ് മണ്ണപ്പാത്തുപറമ്പിൽ, കട്ടപ്പന എസി പ്രസിഡന്റ് ബ്രദർ ജേക്കബ്ബ് പുതുപ്പറമ്പിൽ, കുമളി എസി പ്രസിഡന്റ് ബ്രദർ സണ്ണി കാഞ്ഞിരമറ്റം, മേരികുളം എസി പ്രസിഡന്റ് ബ്രദർ പി.ജെ.സെബാസ്റ്റ്യൻ എന്നിവർ അവരുടെ എസികളുടെ പ്രവർത്തനം സംബന്ധിച്ചും ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ചും സംസാരിക്കുകയും സന്നിഹിതരായ കോൺഫ്രൻസ് പ്രസിഡന്റുമാരെ പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് പൊതുവായ ചർച്ചകളും നടത്തി. കട്ടപ്പന വനിത കോൺഫ്രൻസിലെ സി.ലിസൻ റ്റീച്ചർ കൃതജ്ഞത അർപ്പിച്ചു. കട്ടപ്പന വനിത കോൺഫ്രൻസ് പ്രസിഡന്റ് സി.ജാൻസി ജോമിയുടെ സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

**1. കുട്ടികൾക്കൊരു ബൈബിൾ**

ആഘോഷമായ കുർബാന സ്വീകരണത്തിനും മറ്റ് അവസര ങ്ങളിലും കുഞ്ഞുങ്ങൾക്ക് സമ്മാനമായി നൽകുവാനും അവർക്ക് എളുപ്പത്തിൽ ബൈബിൾ പഠിക്കാനുമായി ആകർഷകമായ രീതി യിൽ ലളിതമായ ഭാഷയിൽ ചിത്രങ്ങളോടുകൂടി മലയാളത്തിലും ഇംഗ്ലീഷിലും ഒരേ രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

**2. ഇടം : ഫാ. ജോസഫ് കൊച്ചുപുത്തൻപുരയിൽ**

പ്രകൃതിദുരന്തങ്ങളും, ദുരിതങ്ങളും നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പ്രപഞ്ചത്തിലെ മനുഷ്യന്റെ സ്ഥാനം തിരിച്ചറിയാനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ ആഴം മനസ്സിലാക്കുവാനും ഉപകരിക്കുന്ന ഗ്രന്ഥം.

**3. അറിവിന്റെ അക്ഷരനാളങ്ങൾ : കുഞ്ഞൂഞ്ഞമ്മ ജോസഫ്**

സാമ്പത്തികപരാധീനതകളാലും, മാനസികപിരിമുറുക്കങ്ങ ളാലും, രോഗപീഡകളാലും നട്ടം തിരിയുന്ന മനുഷ്യലോക ത്തിന്റെയും, അച്ചടക്കരാഹിത്യവും, മദ്യപാനാസക്തിയും ഈശ്വരനി ഷേധവും, ഗുരുനിന്ദയും ഫാഷനായി കരുതുന്ന ഇന്നത്തെ കാലഘ ട്ടത്തിന്റെയും നേർരേഖ വരച്ചുകാട്ടുന്ന ലേഖനങ്ങളുടെ സമാഹാരം.

**4. കനലെരിയുന്ന കടൽ: സിലു ബെന്നി**

സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്ന മനു ഷ്യനെ പരിചയപ്പെടുത്തി, ജീവിതയാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണു കളടയ്ക്കാതെ അവയെ വേണ്ടവിധത്തിൽ മനസ്സിലാക്കി മുമ്പോട്ടു പോകുന്നവർക്കാണ് വിജയം സാധ്യമാകുന്നതെന്ന ചിന്താശകല ങ്ങളെ കൂട്ടിയിണക്കിയ ഗ്രന്ഥം.

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ – (1098)**

ഏപ്രിൽ മാസത്തിൽ 14 കേസുകൾ റിപ്പോർട്ടു ചെയ്തു. 12 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മറ്റി (CWC) മുമ്പാകെ സബ്മിറ്റ് ചെയ്തു. 3 out reach - കൾ നടത്തി. 2 കേസുകൾക്ക് കൗൺസിലിംഗ് ഏർപ്പാടാക്കി കൊടുത്തു.

**ആദരവ് നൽകി**

കഴിഞ്ഞ 14 വർഷക്കാലം ലീഗൽ അദാലത്ത് കൗൺസിലറും പാരലീഗൽ വോളന്റീയറുമായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി നിർമ്മലാ ജോണിന് കാഞ്ഞിരപ്പള്ളി ചൈൽഡ് ലൈൻ സപ്പോർട്ട് ഓർഗനൈസേഷന്റെ വകയായി മെമന്റോ നൽകി ആദരിച്ചു. ചൈൽഡ് ലൈനിന്റെ ആഭിമുഖ്യത്തിൽ മുണ്ടക്കയം YMCA -യിൽ വച്ചു നടന്ന സെൻസിറ്റേഷൻ പ്രോഗ്രാമിൽ വച്ചാണ് മെമന്റോ നൽകിയത്. അൻപതോളം മഹിളാ പ്രവർത്തകർ ഈ പ്രോഗ്രാമിൽ സംബന്ധിച്ചു.

**പ്രദർശനവും വിൽപ്പനയും**

വി കെയർ സെന്ററിന്റെ നേതൃത്വത്തിലുള്ള ബി ഏബിൾ ഉല്പ്പന്നങ്ങൾ സെന്റ് മരിയ ഗൊരേത്തി ചർച്ച് കൊല്ലമുള, സെന്റ് തോമസ് ചർച്ച് അണക്കര, കർമ്മല മാതാ ചർച്ച് ചക്കുപള്ളം, സെന്റ് ജോസഫ് ചർച്ച് അമരാവതി എന്നീ ഇടവകകളിൽ പ്രദർശനവും വിൽപ്പനയും നടത്തി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്‌മെന്റ് സൊസൈറ്റി

**ഭവന നിർമ്മാണം സഹായം**

പുത്തൻകൊരട്ടി, ഊരയ്ക്കനാട്, കുന്നുംഭാഗം എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 3,75,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 6,76,461/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം, ചികിത്സ എന്നീ പദ്ധതികൾക്കായി 4,56,450/- രൂപ ചിലവഴിച്ചു.

**പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് സഹായം**

പെനുവേൽ ഇമ്മാനുവേൽ ചാരിറ്റബിൾ ട്രസ്റ്റിന് ധനസഹായമായി 6,00,000/- രൂപ നൽകി.

**നല്ല സമറായൻ ആശ്രമം**

നല്ല സമറായൻ ആശ്രമത്തിന് 3,00,000/- രൂപ സഹായമായി നൽകി.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,41,304/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# ഇൻഫാം

**ഇൻഫാം കാർഷിക ജില്ലാ മാർക്കറ്റിംഗ് സെൽ എക്സിക്യൂട്ടീവ് യോഗം**

ഇൻഫാം കാർഷിക ജില്ലാ മാർക്കറ്റിംഗ് സെൽ എക്സിക്യൂട്ടീവ് മീറ്റിംഗ് എം.ഡി.എസ്. ൽ വച്ചു നടത്തപ്പെട്ടു.

**ഇൻഫാം കാർഷിക ജില്ലാ മാർക്കറ്റിംഗ് സെൽ** മീറ്റിംഗ്

ഇൻഫാം ജില്ലാ മാർക്കറ്റിംഗ് സെല്ലിന്റെ നേതൃത്വത്തിൽ പെരുവന്താനം, എരുമേലി, പൊൻകുന്നം, ഉപ്പുതറ, കട്ടപ്പന, മുണ്ടിയെരുമ, അണക്കര, കുമളി, റാന്നി, പത്തിനംതിട്ട എന്നീ കാർഷിക താലൂക്കുകളിൽ യൂണിറ്റ് മാർക്കറ്റിംഗ് സെല്ലിന്റെ മീറ്റിംഗ് നടത്തി.

**കാപ്പിക്കുരു സംഭരണം**

ഇൻഫാം ജില്ലാ മാർക്കറ്റിംഗ് സെല്ലിന്റെ നേതൃത്വത്തിൽ കട്ടപ്പന, ഉപ്പുതറ, മുണ്ടിയെരുമ, പെരുവന്താനം എന്നീ കാർഷിക താലൂക്കുകളിൽ നിന്ന് 52482 കിലോ കാപ്പിക്കുരു സംഭരിച്ചു.

**പച്ചക്കപ്പ സംഭരണം**

പൊടിമറ്റം കാർഷിക യൂണിറ്റിൽ നിന്നും 1270 കിലോ പച്ചക്കപ്പ സംഭരിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലായി വിവിധ ഗ്രാമ തലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി .ഡി. എസ്. ഓർഗാനിക് സ്പൈസസ്**

കയറ്റുമതി : പി ഡി എസ് ഓർഗാനിക് സ്പൈസസിൽ നിന്നും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടന്ന കൺസയ്മെന്റുകൾ:

അമേരിക്ക :2, ജർമ്മനി: 2, യു.കെ :1 ,ഫ്രാൻസ്: 1

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തപ്പെടുന്ന റീജണൽ മീറ്റിങ്ങുകൾ പതിവുപോലെ കുമളി, കട്ടപ്പന, പീരുമേട്, കാഞ്ഞിരപ്പള്ളി റീജണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. വിവിധഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധി കൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി.

പി.ഡി.എസ് പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ്, ചീഫ് കോർഡിനേറ്റർ, റീജിയണൽ കോർഡിനേറ്റേഴ്സ് എന്നിവർ മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

പി.ഡി.എസ് രൂപം കൊടുത്ത പുതിയ സോഫ്റ്റ്വെയറിൽ സ്വയം സഹായസംഘങ്ങളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്തു വരുന്നു.

**കർഷക ഉൽപാദക കമ്പനി**

നബാർഡിന്റെയും, എൻ.സി.ഡി.സിയുടെയും സഹകരണ ത്തോടെ പി.ഡി.എസ് ചെയ്തു വരുന്ന കർഷക ഉത്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു. നബാർഡിന്റെ സഹകരണത്തോടെ പി.ഡി.എസ് 17 കർഷക കമ്പനികളാണ് ചെയ്തുവരുന്നത്. 8 കർഷക കമ്പനികൾ രജിസ്ട്രേ ഷൻ പൂർത്തിയാക്കി. 9 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. രജിസ്ട്രേഷൻ പൂർത്തിയായ 5 കർഷക കമ്പനികൾ അവരുടെ സംരംഭങ്ങൾ ആരംഭിച്ചു.

മലഞ്ചരക്ക് വ്യാപാരം, ഏത്തക്കായ വ്യാപാരം, ചക്കിലാട്ടിയ എണ്ണ, മായംചേർക്കാത്ത വീടുകളിൽ ഉണ്ടാക്കുന്ന ഭക്ഷ്യ ഉൽപ്പന്ന ങ്ങൾ, മഞ്ഞൾ അച്ചാർ ഉൾപ്പെടെയുള്ള വിവിധയിനം അച്ചാറുകൾ, വൻതേൻ, ചെറുതേൻ ഉൽപ്പന്നങ്ങൾ , കൂവപ്പൊടി തുടങ്ങിയവയാണ് പ്രധാനമായും ചെയ്യുന്ന ബിസിനസുകൾ. കൂടുതൽ വിവരങ്ങൾക്ക് പി.ഡി.എസുമായി (04879232197) ബന്ധപ്പെടാവുന്നതാണ്.

എൻ.സി.ഡി.സി. യുമായി സഹകരിച്ച് അഴുത ബ്ലോക്കിൽ ആരംഭിക്കുന്ന കർഷക ഉൽപ്പാദക സംഘത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി. സംഘത്തിന്റെ പ്രാഥമിക പൊതുയോഗം 2022 മാർച്ച് 26-ാം തീയതി കൂടി.

സംഘത്തിലെ അടുത്ത 5 വർഷത്തേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതിലേക്കായി സംസ്ഥാന സഹകരണ തിരഞ്ഞെ ടുപ്പ് കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചു. തെരഞ്ഞെടുപ്പ് മെയ് മാസം 28-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**വാർഷിക ഓഡിറ്റ്**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വയംസഹായസംഘങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ട തുള്ളതുകൊണ്ട് ഗ്രാമ തലങ്ങളിൽ കണക്ക് പരിശോധന ആരംഭിച്ചു.

## സംരംഭകത്വ പരിശീലനം (LEDP)

കൂൺകൃഷി, ആട് വളർത്തൽ, തേനീച്ച വളർത്തൽ, കോഴി വളർത്തൽ എന്നീ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ 10 ദിവസം നീണ്ടു നിന്ന പരിശീലന പരിപാടിയുടെ അവസാന ഘട്ടം ചെല്ലാർകോവിൽ യൂണിറ്റിൽ പൂർത്തിയാക്കി. പരിശീലന പരിപാടിയിൽ പങ്കെടുത്ത എല്ലാ സംരംഭകർക്കും പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ഹൈടെക് കോഴിക്കൂട് വിതരണം ചെയ്തു

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് വരുമാനദായക പദ്ധതികൾ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള ഹൈടെക് കോഴിക്കൂടുകൾ 14 എണ്ണം കുമളി, മുണ്ടക്കയം റീജിയനുകളിൽ ഉൾപ്പെട്ട കമ്പംമെട്ട്, ചെല്ലാർകോവിൽ, കണയങ്കവയൽ, യൂണിറ്റുകളിൽ വിതരണം ചെയ്തു.

## ഇന്റേൺഷിപ്പ് പ്രോഗ്രാം

പഠനത്തിന്റെ ഭാഗമായി 2 കോളേജുകളിൽ നിന്നായി 8 കുട്ടികൾ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

## വനജ്യോതിസ് :

പദ്ധതിപ്രദേശം: കോഴിമല, കണ്ണംപടി, കൊമ്പുകുത്തി ആദിവാസികോളനികൾ.

ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ:

| | | | |
|---|---|---|---|
| 1. | കന്നുകാലി വളർത്തൽ | : | 6 യൂണിറ്റ് |
| 2. | മഴവെള്ള സംഭരണി | : | 1 |
| 3. | കല്ലു കയ്യാല | : | 1520 $M^2$ |
| 4. | കോഴിവളർത്തൽ യൂണിറ്റ് | : | 15 |
| 5. | ആടുവളർത്തൽ | : | 10 യൂണിറ്റ് |

6. കിണർ നവീകരണം : 5
7. ഗള്ളി പ്ലഗിങ് : 6.5 $M^3$

പരിശീലനപരിപാടി

വനജ്യോതിസ് പദ്ധതിയുടെ ഭാഗമായി 6 പരിശീലന ക്ലാസുകൾ നടത്തി. 75 അംഗങ്ങൾ പങ്കെടുത്തു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായും, പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: ഭവന നിർമ്മാണം 221120/-, ചികിത്സാ സഹായം 105240/-, വിദ്യാഭ്യാസ സഹായം: 143988/-, വരുമാനദായക പ്രവർത്തനങ്ങൾ: 78000/-, മറ്റ് സഹായങ്ങൾ: 5540/-

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 29 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്കാവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ ഈ മാസം 59 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 2 യൂണിറ്റിലെ 3 അംഗങ്ങൾക്ക് 20050/- രൂപ വിതരണം ചെയ്തു.

നരിയമ്പാറ : 10150/-
മാട്ടുതാവളം : 9900/-

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**
**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ഏപ്രിൽ 2022**

01 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന ദീപിക യുടെ മീറ്റിംഗിൽ പങ്കെടുത്തു.

02 പൊടിമറ്റം നിർമ്മല തിയോളജിക്കൽ സെന്ററിൽ വച്ച് നടന്ന രൂപത വൈദിക വിദ്യാർത്ഥികളുടെ വർക്ക് ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

03 നല്ലതണ്ണി ഹോളി ഫാമിലി ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

04 LRC യുടെ മീറ്റിംഗിൽ പങ്കെടുത്തു.

05 കാളകെട്ടി അസ്സിസി കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

06 കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്ന പ്രിൻസിപ്പാൾ ബഹു. റോയി പഴയപറമ്പിലച്ചന്റെ യാത്രയയപ്പ് സമ്മേളന ത്തിൽ അദ്ധ്യക്ഷത വഹിച്ചു.

07 പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ മേജർ സെമി നാരി ബ്രദേഴ്സിന്റെ കോൺഫ്രൻസ് നടത്തി.

08 കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടന്ന WOHACK ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

– Online Bishop's monthly recollection -ൽ പങ്കെടുത്തു.

09 പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ വച്ച് പൗരോ ഹിത്യ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളിൽ 5 പേർക്ക് മ്ശംശാനപട്ടവും 5

പേർക്ക് ഹെവപ്പദയാക്കോനാ പട്ടവും 11 പേർക്ക് കാറോയ പട്ടവും നൽകി.

10 ഓശാനഞായറിൽ കത്തീഡ്രൽ പള്ളിയിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

11 ചെമ്മണ്ണ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– ആലപ്പുഴ രൂപതയുടെ മുൻ അദ്ധ്യക്ഷൻ ദിവംഗതനായ അഭിവന്ദ്യ സ്റ്റീഫൻ അത്തിപൊഴിയിലിനു വേണ്ടി മൗണ്ട് കാർമ്മൽ കത്തീഡ്രലിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

12 കപ്പാട് ബനഡിക്ടൻ ആശ്രമത്തിൽ പൗരോഹിത്യപരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ വൈദികവിദ്യാർത്ഥികളിൽ 4 പേർക്ക് മ്ശംശാനപട്ടവും 4 പേർക്ക് കാറോയപട്ടവും നൽകി.

13 കപ്പാട് സി.എം.ഐ. ദർശന നോവിഷ്യറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– പാസ്റ്ററൽസെന്ററിൽ വച്ച് നടന്ന PPF ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

14 വെളിച്ചിയാനി ഇടവകയിൽ പെസഹാതിരുനാളിന്റെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും പുതുതായി നിർമ്മിച്ച കുരിശടിയുടെ ആശീർവാദം നിർവഹിക്കുകയും ചെയ്തു.

15 കത്തീഡ്രൽ ഇടവകയിൽ പീഢാനുഭവവെള്ളിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 കത്തീഡ്രൽ ഇടവകയിൽ വലിയശനിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– ഇളങ്ങുളം ഇടവകയിൽ നിര്യാതയായ വാളിപ്ലാക്കൽ അച്ചാമ്മയുടെ വീട്ടിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ സജി ജോർജ് കുന്നത്തിന്റെ വീട്ടിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 കത്തീഡ്രൽ ഇടവകയിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– കാഞ്ഞിരപ്പള്ളിയിൽ ഒരു കട വെഞ്ചരിച്ചു.

18 പൊടിമറ്റം എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സന്യാസത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

– അമലഗിരി ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

19 കത്തീഡ്രൽ പള്ളിയിൽ വച്ച് മൂറോൻ കൂദാശ പരികർമ്മം ചെയ്യുകയും വൈദികദിനത്തിൽ പങ്കെടുക്കുകയും ചെയ്തു.

- Priest conferance ൽ പങ്കെടുത്തു.

20 തലശ്ശേരി അതിരൂപതയിലെ നിയുക്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തു.

21 പൊടിമറ്റം CMC provincial house ൽ വച്ച് 3 സന്യാസ അർഥിനികൾക്ക് സന്യാസ വസ്ത്രം നൽകി.

– മല്ലപ്പള്ളി ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

22 ചീരംചിറ ഇടവകയിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വെച്ചുകരോട്ടച്ചന്റെ സഹോദരൻ നിര്യാതനായ ശ്രീ. വി.സി. വർഗ്ഗീസിന്റെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– ബിഷപ്സ് ഹൗസിൽ വച്ച് നടന്ന സഹ്യാദ്രി ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

23 പാലക്കാട് രൂപതയിലെ നിയുക്ത മെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

– അരുവിത്തുറ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 ബഹുമാനപ്പെട്ട എബ്രഹാം പറമ്പിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ച് സന്ദേശം നൽകി.

– ചിന്നാർ പള്ളിയുടെ കൂദാശ കർമ്മം നിർവഹിച്ചു സന്ദേശം നൽകി.

26 കോതമംഗലം രൂപത ആനിക്കാട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

– കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ഡോ. മാത്യു കൊല്ലം കുളത്തിന്റെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– പെരുവന്താനം ഇടവകയിൽ നിര്യാതയായ സി. ക്ലാരിസ് ചളുക്കാട് FCC യുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു സന്ദേശം നൽകി.

27 M. M. T ഹോസ്പിറ്റലിൽ നവീകരിച്ച മഠത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

– മണിപ്പുഴ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– അറയാഞ്ഞലിമണ്ണ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

28 കത്തീഡ്രൽ ഇടവകയിൽ നിര്യാതനായ ഡോ. ജോപ്പന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.

– ഗ്രീൻവാലിപള്ളിയുടെ കൂദാശാകർമ്മം നിർവഹിച്ച് സന്ദേശം നൽകി.

## മാർ മാത്യു അറയ്ക്കൽ
## ഏപ്രിൽ 2022

01 അഭിവന്ദ്യ പിതാവ് പൊടിമറ്റം NRC യിലെ മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പിൽ എത്തി ബ്രദേഴ്സിനെ കാണുകയും ചായസത്ക്കാരത്തിൽ പങ്കാളിയാവുകയും ചെയ്തു.

04 ചങ്ങനാശ്ശേരിയിൽ ഒരു മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

06 കുട്ടിക്കാനം മരിയൻ കോളജിലെ Annual Day യിൽ പങ്കെടുക്കുകയും റിട്ടയർ ചെയ്യുന്ന പ്രിൻസിപ്പാൾ ഫാ. റോയി പഴേപറമ്പിലിന് ആശംസകൾ അറിയിക്കുകയും ചെയ്തു.

10 ഓശാനഞായർ തിരുക്കർമ്മങ്ങൾക്ക് കട്ടപ്പന സെന്റ് ജോർജ് ഫൊറോനാദൈവാലയത്തിലെത്തി കാർമ്മികത്വം വഹിച്ചു.

11 ആലപ്പുഴ കത്തീഡ്രൽ ദൈവാലയത്തിലെത്തി നിര്യാതനായ ആലപ്പുഴ മുൻ രൂപതാദ്ധ്യക്ഷൻ അഭി. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിനായി ഒപ്പീസ് പ്രാർത്ഥന നടത്തി.

– നിര്യാതയായ സി. ലീനൂസ് സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയിൽ കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ കാർമ്മികത്വം വഹിച്ചു.

14 പെസഹാവ്യാഴം കാലുകഴുകൽ ശുശ്രൂഷയ്ക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ കാർമ്മികനായി.

17 ഈസ്റ്റർ ദിനത്തിൽ പീരുമേട് ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾ നടത്തി സന്ദേശം നല്കി.

18 മുണ്ടക്കയം ഫൊറോനാദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

19 കാഞ്ഞിരപ്പള്ളിയിലെ മൂറോൻ കൂദാശാകർമ്മത്തിലും Priest day യിലും പങ്കെടുത്തു.

20 അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ തലശ്ശേരിയിൽ എത്തി സംബന്ധിച്ചു.

21 കടുത്തുരുത്തിയിൽ ഒരു വിവാഹം ആശീർവദിച്ചു.

22 സഹ്യാദ്രി ബാങ്ക് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു.

23 പാലക്കാട് രൂപതയുടെ നിയുക്തമെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തു.

– എം.എം.റ്റി. ഹോസ്പിറ്റലിൽ എത്തി പരേതനായ ബഹു. പറമ്പിലച്ചനുവേണ്ടി ഒപ്പീസ് പ്രാർത്ഥന നടത്തി.

24 ആനവിലാസം ഇടവക ദൈവാലയത്തിൽ തിരുനാൾ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

– പീരുമേട് റോസ് ഗാർഡനിൽ ബോബിയുടെ പുസ്തകപ്രകാശനം നിർവഹിച്ചു.

## BISHOP'S ENGAGEMENTS
### MAR JOSE PULICKAL
### May - 2022

Abroad

**രൂപതാവർത്തകൾ – മാർ മാത്യു അറയ്ക്കൽ**

25 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ ബഹുമാനപ്പെട്ട എബ്രാഹം പറമ്പിലച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

– ചിന്നാർ പുതിയ ദൈവാലയകൂദാശയിൽ സംബന്ധിച്ചു.

26 പെരുവന്താനം കോൺവെന്റിലെത്തി പരേതയായ റവ. സി. ക്ലാരിസ് എഫ്.സി.സി.ക്കായി ഒപ്പീസ് പ്രാർത്ഥന നടത്തി.

27 പുത്തൻകൊരട്ടിയിൽ ഒരു ജ്ഞാനസ്നാനം നടത്തി.


28 പെരുവന്താനം ഫൊറോനാദൈവാലയത്തിൽ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു സന്ദേശം നൽകി.

30 കൊല്ലമുള – വിവാഹം ആശീർവദിച്ചു.

– എരുമേലി വിവാഹവാഗ്ദാനത്തിൽ കാർമ്മികത്വം വഹിച്ചു.

– ചീങ്കൽത്തടം ഇടവകയിൽ തിരുനാൾ വിശുദ്ധ ബലിയർപ്പിച്ചു സന്ദേശം നൽകി.

– വെള്ളാരംകുന്ന് ഇടവകയിൽ എസ്.എ.ബി.എസ്. സന്യാസസമൂഹത്തിലെ രണ്ടു സന്യാസാർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാനത്തിലും സന്യാസവസ്ത്രം നൽകൽ കർമ്മത്തിലും കാർമ്മികത്വം വഹിച്ചു.



amala
OFFSET PRESS

BOOKS • MAGAZINE • BROCHURE • FLYERS • NEWSLETTER

Opp. Federal Bank, Thampalakadu Road,
Kanjirapally 686 507,Kottayam Dt. Kerala
Phone : 04828 20 46 54 amalapressd@gmail.com

# 2022 മെയ് ഉയിർപ്പുകാലം

| | | |
|---|---|---|
| **1** | **ഞായർ** | **✠ ഉയിർപ്പ് മൂന്നാം ഞായർ**<br>പുറ 3:1-12, എസെ 34:20-26<br>എഫേ 4:7-16, യോഹ 21:15-19 |
| 2 | തിങ്കൾ | 1 യോഹ 2:1-6, യോഹ 17:20-26 |
| 3 | ചൊവ്വ | 1 തിമോ 1:18-19, 2:1-7, ലൂക്കാ 22:24-32 |
| 4 | ബുധൻ | കൊളോ 3:12-17, ലൂക്കാ 1:46-56 |
| 5 | വ്യാഴം | എഫേ 6:1-9, മത്താ 20:17-28 |
| 6 | വെള്ളി | 2 തിമോ 2:22-26, മത്താ 24:45-51 |
| 7 | ശനി | വെളി 3:15-22, യോഹ 10:14-16; 22-30 |
| **8** | **ഞായർ** | **✠ ഉയിർപ്പ് നാലാം ഞായർ**<br>ജോഷ്വാ 1:1-9 , 2 ദിന 15:1-7,<br>2 കോറി 13:5-10, മത്താ 28:16-20 |
| 9 | തിങ്കൾ | വെളി 21:1-7, യോഹ 14:15-24 |
| 10 | ചൊവ്വ | 1 കോറി 3:18-23, മർക്കോ 3:13-19 |
| 11 | ബുധൻ | ഫിലി 1:21-25, യോഹ 1:35-42 |
| 12 | വ്യാഴം | കൊളോ 1:24-29, യോഹ 6:52-59 |
| **13** | **വെള്ളി** | 2കോറി 5:14-20, യോഹ 3:1-12 |
| **14** | **ശനി** | റോമാ 11:25-32, മത്താ 18:10-14 |
| **15** | **ഞായർ** | **✠ ഉയിർപ്പ് അഞ്ചാം ഞായർ**<br>പുറ 4:27-31, തോബി 5:1-10; 16-21,<br>ശ്ലീഹ 12:24-13:3, ലൂക്കാ 10:1-12 |
| 16 | തിങ്കൾ | 2 കോറി 12:5-10, ലൂക്കാ 9:1-6 |
| 17 | ചൊവ്വ | ഫിലി 2:19-30, ലൂക്കാ 8:1-8 |
| 18 | ബുധൻ | ഫിലി 4:10-20, ലൂക്കാ 17:5-10 |
| 19 | വ്യാഴം | 1 കോറി 15:1-11, ലൂക്കാ 9:57-62 |
| 20 | വെള്ളി | 1 കോറി 3:1-9, മത്താ 13:24-30 |
| 21 | ശനി | റോമാ 11:11-16, ലൂക്കാ 7:1-10 |
| **22** | **ഞായർ** | **✠ ഉയിർപ്പ് ആറാം ഞായർ**<br>ഉത്പ 9:8-17, 2 രാജാ 2:1-15<br>റോമാ 8:1-11, യോഹ 5:19-29 |
| 23 | തിങ്കൾ | റോമാ 3:21-26, യോഹ 4:27-30; 39-42 |
| 24 | ചൊവ്വ | റോമാ 6:19-23 , യോഹ 5:36-47 |
| 25 | ബുധൻ | ശ്ലീഹ 20:7-12, മർക്കോ 5:21-24; 35-43 |
| 26 | വ്യാഴം | **നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം**<br>ഉത്പ 5:18-24, ശ്ലീഹ 1:1-14<br>ഹെബ്രാ 10:1-14, മർക്കോ 16:9-20 |
| 27 | വെള്ളി | വെളി 5:1-14, യോഹ 1:35-39 |
| 28 | ശനി | ഹെബ്രാ 8:1-6, യോഹ 17:9-19 |
| **29** | **ഞായർ** | **✠ ഉയിർപ്പ് ഏഴാം ഞായർ**<br>ഉത്പ 28:10-19, മിക്കാ 4:1-5<br>1 പത്രോ 1:3-9, ലൂക്കാ 24:44-53 |
| 30 | തിങ്കൾ | 1 തിമോ 2:1-7, ലൂക്കാ 18:1-8 |
| 31 | ചൊവ്വ | റോമാ 8:26-30, ലൂക്കാ 18:9-14 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850    Printing : Amala offset Kanjirapally 204654